بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 40

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഒക്ടോബർ 03/ഹി:ശം:1398 അഖാഅ് 03/ഹി:ഖ: 1441 സ്വഫർ 03

## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ اِذَا فَعَلُوۡا فَاحِشَۃً اَوۡ ظَلَمُوۡۤا اَنۡفُسَہُمۡ ذَکَرُوا اللّٰہَ فَاسۡتَغۡفَرُوۡا لِذُنُوۡبِہِمۡ ۪ وَمَنۡ یَّغۡفِرُ الذُّنُوۡبَ اِلَّا اللّٰہُ ۪۟ وَلَمۡ یُصِرُّوۡا عَلٰی مَا فَعَلُوۡا وَہُمۡ یَعۡلَمُوۡنَ ○

'തങ്ങൾ വല്ല നീചകൃത്യവും ചെയ്കയോ അല്ലെങ്കിൽ തങ്ങളുടെ ആത്മാക്കളോടു അതിക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹവിനെ സ്മരിക്കുകയും എന്നിട്ട് തങ്ങളുടെ പാപപൊറുതിക്കുവേണ്ടി പ്രാർഥിക്കുകയും-അല്ലാഹു അല്ലാതെ പാപം പൊറുക്കാൻ മറ്റാരുണ്ട്? -ചെയ്തുകഴിഞ്ഞ തെറ്റുകളിൽ ബോധപൂർവം ഉറച്ചുനില്ക്കാതിരിക്കുകയും ചെയ്യുന്നവരാണ് അവർ.'(3:136)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവിന്റെ കർമങ്ങൾ വിവിധ വർണങ്ങളിലുള്ളതാണ്.**
**അല്ലാഹുവിന്റെ ശക്തിപ്രഭാവം ഒരിക്കലും നിസ്സഹായമാകുകയില്ല. അവൻ ക്ഷീണിക്കുകയുമില്ല.**
***വ ഹുവ ബികുല്ലി ഖൽഖിൻ അലീം. അഫഅയീനാ ബിൽഖൽഖിൽഅവ്വലി***
**എന്നത് അവന്റെ തേജോവിലാസമാണ്. അല്ലാഹുവിന്റെ അതിരറ്റ ശക്തിപ്രഭാവങ്ങളേയും**
**പ്രവൃത്തികളേയും എത്ര വലിയ ജ്ഞാനിയാണെങ്കിലും അളന്ന് തിട്ടപ്പെടുത്താൻ കഴിയില്ല.**
**പ്രത്യുത അവന് നിസഹായത പ്രകടിപ്പിക്കേണ്ടിവരികയും ചെയ്യും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"നോക്കൂ! അല്ലാഹു മനുഷ്യനെ ബീജത്തിൽനിന്ന് സൃഷ്ടിച്ചു. പറയാൻ എളുപ്പമുള്ള വളരെ എളുപ്പമുള്ള വാക്കാണിത്. തികച്ചും നിസാരമായൊരു കാര്യമായി കാണാൻ കഴിയുന്നു. എന്നാൽ, ഒരു തുള്ളി വെള്ളത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുന്നുവെന്നത് ഒരു രഹസ്യവും ഗൂഢമായ കാര്യവുമാണ്. അതിലാണ് ഇത്തരത്തിലുള്ള കഴിവുകൾ നിക്ഷേപിക്കുന്നത്. അതിന്റെ സ്ഥിതിഗതിയും സത്വവുംവരെ എത്താൻ ഏതെങ്കിലും ബുദ്ധിക്ക് ശക്തിയുണ്ടോ. പ്രകൃതിവാദികളും തത്വചിന്തകന്മാരും വളരെയധികം ശക്തിചെലുത്തിനോക്കി. പക്ഷേ, അവർക്ക് അതിന്റെ സത്തയെ കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇപ്രകാരംതന്നെ ഓരോരോ അണുവും അല്ലാഹുവിന് വിധേയമാണ്. അല്ലാഹു അതിന്മേൽ സർവശക്തനാണ്; ഈ ബാഹ്യമായ വ്യവസ്ഥിതിയും അതുപോലെ നിലനില്ക്കേണ്ടതുണ്ട്. ഒരു അമാനുഷികമായ കാര്യവും പ്രകടമാകണം. ദൈവജ്ഞാനികൾ ഈ അവസ്ഥകളെ നല്ലവണ്ണം നോക്കിക്കാണുന്നു. അവയിൽനിന്ന് ആനന്ദം നുകരുന്നു. ചിലയാളുകൾ ഒരു ചെറുതും നിസാരവുമായ കാര്യങ്ങളിൽ ആക്ഷേപം ഉന്നയിക്കുകയും സംശയത്തിൽ പതിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് തീ ഇബ്റാഹീം(അ)നെ കത്തിച്ചില്ല. ചന്ദ്രൻ പിളർന്നതിനെ സംബന്ധിച്ചത് പോലെതന്നെയാണ് ഇക്കാര്യവും. അതിന്റെ പരിധിവരെ മാത്രമെ തീ കത്തുകയുള്ളൂവെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. അതുസംബന്ധമായ കാര്യഹേതുക്കൾ ഉണ്ടാകുന്നതുകൊണ്ട് തീ തണുത്തുപോകുന്നു. അത്തരം ഗുണം അതേ നിലയിൽ പ്രകടമാകുകയാണെങ്കിൽ അല്ലെങ്കിൽ പറഞ്ഞുകൊടുക്കുകയാണെങ്കിൽ ക്ഷണത്തിൽ ആളുകൾ വിശ്വസിക്കുന്നതായിരിക്കും. പക്ഷേ, അത്തരം അവസ്ഥയിൽ അദൃശ്യത്തിലുള്ള വിശ്വാസത്തിന്റേയും സദുദ്ദേശ്യത്തിന്റേയും ആനന്ദവും ഗുണവും എന്തു പ്രകടമാകാനാണ്. അല്ലാഹു കാര്യഹേതുക്കൾ ഉണ്ടാക്കുന്നില്ലെന്ന് നാം ഒരിക്കലും പറഞ്ഞിട്ടില്ല. എന്നാൽ, ചില കാര്യഹേതുക്കൾ കാണാൻ കഴിയുന്നു. ചിലത് കാണാൻ കഴിയുന്നില്ല. ചുരുക്കത്തിൽ അല്ലാഹുവിന്റെ കർമങ്ങൾ വിവിധ വർണങ്ങളിലുള്ളതാണ്. അല്ലാഹുവിന്റെ ശക്തിപ്രഭാവം ഒരിക്കലും നിസ്സഹായമാകുകയില്ല. അവൻ ക്ഷീണിക്കുകയുമില്ല. *വ ഹുവ ബികുല്ലി ഖൽഖിൻ അലീം* (36:80)(അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനത്രെ) *അഫഅയീനാ ബിൽ ഖൽഖിൽ അവ്വലി* (50:16)(അപ്പോൾ ആദ്യത്തെ സൃഷ്ടിപ്പുകൊണ്ട് നാം ക്ഷീണിച്ചുപോയോ?) അവന്റെ തേജോവിലാസമാണ്. അല്ലാഹുവിന്റെ അതിരറ്റ ശക്തിപ്രഭാവങ്ങളേയും പ്രവൃത്തികളേയും എത്ര വലിയ ജ്ഞാനിയാണെങ്കിലും അളന്ന് തിട്ടപ്പെടുത്താൻ കഴിയില്ല. പ്രത്യുത അവന് നിസഹായത പ്രകടിപ്പിക്കേണ്ടിവരികയും ചെയ്യും.

എനിക്കൊരു സംഭവം ഓർമ വരുന്നു. ഡോക്ടർക്ക് നല്ലവണ്ണം അറിയാം. അബ്ദുൽ കരീം എന്നു പേരുള്ള ഒരാൾ എന്റെയടുത്തുവന്നു. അയാളുടെ ഉള്ളിൽ ഒരു മുഴയുണ്ടായിരുന്നു. അത് മലദ്വാരത്തിലേക്ക് വളർന്നുകൊണ്ടിരുന്നു. ഡോക്ടർമാർ അദ്ദേഹത്തോടു പറഞ്ഞു, അതിന് ഒരു ചികിത്സയുമില്ല. അതിനെ വെടിവെച്ചു കൊല്ലേണ്ടതാണ്. ചുരുക്കത്തിൽ ഇത്തരം ഒരുപാടു തരത്തിലുള്ള രോഗങ്ങളുണ്ട്. അതിന്റെ വിദഗ്ദ്ധരായ ഡോക്ടർമാർക്കുപോലും നല്ലവണ്ണം അറിയാൻ കഴിയുന്നില്ല. ഉദാഹരണത്തിന് പ്ലേഗ്, അല്ലെങ്കിൽ കോളറ. ഇതെങ്ങനെയുള്ള രോഗമാണെന്നാൽ ഡോക്ടറെ പ്ലേഗിന്റെ ഡ്യൂട്ടിയിൽ നിശ്ചയിച്ചാൽ അയാൾക്കുതന്നെയും വയറിളക്കമുണ്ടാകുന്നു. മനുഷ്യൻ എവിടംവരെ സാധിക്കുമോ വിദ്യ അഭ്യസിക്കുകയും തത്വങ്ങളുടെ ഗവേഷണത്തിൽ മുഴുകുകയും ചെയ്തുകൊള്ളട്ടെ. പക്ഷേ അവസാനം അവൻ ഒന്നുംതന്നെ ചെയ്തിട്ടില്ലെന്ന് അവനുതന്നെ മനസ്സിലാകുന്നതായിരിക്കും. ഹദീഥിൽ വന്നിരിക്കുന്നു; കടൽക്കരയിൽ ഒരു പക്ഷി എത്ര വെള്ളം ചുണ്ടിൽ നിറയ്ക്കുന്നുവോ അതുപോലെയാണ് അല്ലാഹുവിന്റെ വാക്കിന്റേയും പ്രവൃത്തിയുടേയും ജ്ഞാനങ്ങളിൽനിന്നും രഹസ്യങ്ങളിൽ നിന്നും ഓഹരി ലഭിക്കുന്നത്. അപ്പോൾപിന്നെ മനുഷ്യൻ എത്ര ദുർബലൻ! അജ്ഞനായ തത്വശാസ്ത്രജ്ഞൻ അതേ നിലയിലും പൊങ്ങച്ചത്തിലും അല്ലാഹുവിന്റെ ഒരു പ്രവൃത്തിയായ *'ശഖുൽഖമറിൽ'* ആക്ഷേപം ഉന്നയിക്കുന്നു. അത് പ്രകൃതിനിയമത്തിന് വിരുദ്ധമാണെന്ന് പറയുന്നു. ആക്ഷേപിക്കരുതെന്ന് നാം പറയുന്നില്ല. ആക്ഷേപിക്കുക. തീർച്ചയായും ആക്ഷേപിക്കുക. അഭിനിവേശത്തോടും മനസ്സു തുറന്നും ആക്ഷേപിച്ചുകൊള്ളുക. പക്ഷേ, രണ്ടുകാര്യങ്ങൾ ദൃഷ്ടിക്കു വിധേയമായി വെക്കേണ്ടതാണ്. ഒന്ന് അല്ലാഹുവിനോടുള്ള ഭയം. രണ്ടാമത്തേത് വലിയ വലിയ തത്വചിന്തകന്മാർപോലും അവസാനം തങ്ങൾ അജ്ഞരാണെന്ന് സമ്മതിക്കാൻ നിർബന്ധിതരായിത്തീരുന്നു. പരമമായ ബുദ്ധി എപ്പോഴും പരമമായ അജ്ഞതയിലായിരിക്കും. ഉദാഹരണത്തിന് ഡോക്ടർമാരോടു ചോദിക്കുക, വയറിനുള്ളിലെ നാഡിവേദന അവരെല്ലാവരും അറിയുന്നവരാണ്. മനസ്സിലാക്കുന്നവരുമാണ്. എന്നാൽ, പ്രകാശത്തിന്റെ തത്വവും അതിന്റെ യാഥാർഥ്യവും എന്താണെന്ന് ചോദിക്കുക. ശബ്ദത്തിന്റെ തത്വം ചോദിക്കുക. കർണപടത്തിൽ ഇങ്ങനെയുണ്ടാകുന്നു, അങ്ങനെയുണ്ടാകുന്നു എന്നവർ പറയും. പക്ഷേ, ശബ്ദത്തിന്റെ തത്വം തരിമ്പും പറയാൻ കഴിയുകയില്ല. തീയുടെ ചൂടും വെള്ളത്തിന്റെ തണുപ്പും എന്തെന്നുള്ളതിനും മറുപടി നല്കാൻ കഴിയില്ല. വസ്തുക്കളുടെ പാരമ്യംവരെ എത്തുക എന്നത് ഏതെങ്കിലും വൈദ്യന്റേയോ തത്വചിന്തകന്റേയോ ജോലിയല്ല. നോക്കൂ! നമ്മുടെ രൂപം കണ്ണാടിയിൽ പ്രതിഫലിക്കുന്നു. പക്ഷേ, നമ്മുടെ തല പൊട്ടി കണ്ണാടിയ്ക്കുള്ളിൽ പോകുന്നില്ല. നമ്മളും സുരക്ഷിതരാണ്. നമ്മുടെ മുഖവും കണ്ണാടിയിൽ കാണുന്നു. അതിനാൽ ഓർമിക്കുക. അങ്ങനെ സംഭവിക്കാമെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം; ചന്ദ്രൻ പൊട്ടിപ്പിളരാം. പൊട്ടിയാലും ലോ കവ്യവസ്ഥിതിയിൽ വിള്ളലുകൾ ഒന്നും ഉണ്ടാകുകയില്ല. യാഥാർഥ്യമെന്താണെന്നാൽ ഇത് വസ്തുക്കളുടെ പ്രത്യേകതകളാണ്. വീരവാദം മുഴക്കാൻ ആർക്കാണ് കഴിയുക? അതുകൊണ്ട് അല്ലാഹുവിന്റെ അമാനുഷികതകളേയും ദിവ്യാത്ഭുതങ്ങളേയും നിഷേധിക്കുകയും, നിഷേധിക്കാൻ ധിറുതിപ്പെടുകയും ചെയ്യുക എന്നത് തിടുക്കമുള്ളവരുടേയും അജ്ഞരുടേയും ജോലിയാണ്." (മൽഫൂദാത്ത്, വാല്യം 1, പേജ് 76–78, 2018 ഖാദിയാൻ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാമാബാദ്:

## സമാധാനത്തിന്റെ പ്രതാപമായ പ്രതീകം

### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)

**വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

*(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുതിയ ആസ്ഥാനം ഉദ്ഘാടനം ചെയ്തുകൊണ്ട് ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ഉൽഗ്രഥനത്തിന്റെ യഥാർഥ പ്രകൃതിയെക്കുറിച്ചും തങ്ങൾ ജീവിക്കുന്ന പ്രദേശത്തെ ജനങ്ങളെ സഹായിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിക്കുന്നു).*

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

ഞാൻ വ്യക്തമാക്കാനുദ്ദേശിക്കുന്ന ഒരു കാര്യമെന്തെന്നാൽ മനുഷ്യത്വപരമായ ഈ ആശ്വാസസേവനങ്ങൾ നല്കപ്പെടുന്നത് മതമോ വിശ്വാസമോ പരിഗണിക്കാതെയാണ്. ജനങ്ങൾ മുസ്‌ലിമീകളോ ക്രിസ്ത്യാനികളോ ഹിന്ദുക്കളോ സിക്കുകാരോ നിരീശ്വരരോ മറ്റേതൊരു വിശ്വാസിയായാലും ഒരു വ്യത്യാസവുമില്ല.

ഞങ്ങളുടെ ഒരേയൊരു ലക്ഷ്യവും ഉദ്ദേശ്യവും നിഷ്കളങ്കരുടേയും നിസ്സഹായരുടെയും ദുരിതമകറ്റുകയും അവരെ അന്തസ്സോടെ ജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഞങ്ങൾഒരു മസ്ജിദോ ഒരു കേന്ദ്രമോ എവിടെ നിർമിച്ചാലും അതുകൊണ്ടു ലക്ഷ്യമാക്കുന്നത് മനുഷ്യസേവനമാണ്.

യാതനയനുഭവിക്കുന്നത് ആരാണെന്നത് ഒരു വിഷയമല്ല. ആവശ്യക്കാരെ ആശ്വസിപ്പിക്കുന്നതും പിന്തുണയ്ക്കുന്നതും ഞങ്ങളുടെ ചുമതലയായി കരുതുന്നു. ഇതാണ് സർവ്വശക്തനായ അല്ലാഹുവിന്റെ ആജ്ഞ.

ഉദാഹരണമായി, വിശുദ്ധഖുർആനിലെ 90 –ാം അധ്യായത്തിൽ സർവ്വശക്തനായ അല്ലാഹു നിർദേശിക്കുന്നത് അടിമത്തത്തിന്റെ ചങ്ങലകളിൽ ബന്ധിതരായ എല്ലാവരേയും മോചിപ്പിക്കുകയെന്നതാണ്. ദാസ്യത്വത്തിൽനിന്ന് മോചിപ്പിക്കുകയാണ്. അത് മുസ്‌ലിമീങ്ങളോട് ആഹ്വാനം ചെയ്യുന്നത് വിശക്കുന്നവരുടെ വിശപ്പകറ്റാനാണ്. ദുർബലരേയും ദുരിതമനുഭവിക്കുന്നവരേയും സ്നേഹിക്കാനും, അനാഥകളേയും അസുഖം ബാധിച്ചവരേയും സ്നേഹിക്കാനും സംരക്ഷിക്കാനും ആഹ്വാനം ചെയ്യുന്നു. അതിലുപരി, വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് ആവശ്യക്കാരോട് സഹാനുഭൂതി കാണിക്കാതിരിക്കുകയും അവരെ സഹായിക്കാതിരിക്കുകയും ചെയ്യുന്നവർ സാത്വികതയുടെ പാതയിൽനിന്ന് അന്ധകാരത്തിന്റെ പാതയിൽ ഇറങ്ങുമെന്നാണ്. സർവ്വശക്തനായ അല്ലാഹുവിന്റെ അഭയത്തിൽനിന്ന് അവർ അകറ്റപ്പെടുന്നതാണ്.

അതുകൊണ്ട്, മനുഷ്യകുലത്തെ സേവിക്കുകയെന്നത് ഞങ്ങളുടെ ഹൃദയംഗമമായ ആഗ്രഹമാണ്. ഇപ്പോൾ നമുക്ക് ഈ മസ്ജിദ് ഉള്ളതിനാൽ, സിർറിയിൽ ഈ കേന്ദ്രമുള്ളതിനാൽ മനുഷ്യകുലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ നമ്മുടെ പരിശ്രമങ്ങൾ സർവ്വോപരി ഉയർത്തേണ്ടതുണ്ട്. ഞങ്ങളുടെ മനുഷ്യത്വപരമായ പരിശ്രമങ്ങൾ വികസ്വരരാജ്യങ്ങളിൽ മാത്രം പരിമിതമല്ല. ഞങ്ങൾ തദ്ദേശ സമുദായത്തേയും സഹായിക്കാൻ ശ്രമിക്കുന്നു.

ഉദാഹരണമായി ഇവിടെ യു.കെ യിൽ ദുരിതമനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ വേണ്ടി പദ്ധതികളുടെ ഒരു നിര തന്നെയുണ്ട്. ഫണ്ടുണ്ടാക്കുന്ന സംരംഭങ്ങൾ ഞങ്ങൾ നടത്താറുണ്ട്. പതിവായി നടത്തുന്നതുമുഖേന കിട്ടുന്ന തുക ബ്രിട്ടീഷ് ചാരിറ്റിക്ക് നല്കുന്നു. വേറിട്ട് ജനങ്ങളെ സഹായിക്കാൻ കഴിയുമ്പോൾ അങ്ങനെ ചെയ്യുന്നു. പക്ഷേ, ഞങ്ങൾക്കെത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളുണ്ടെങ്കിൽ പങ്കുകാരായ മറ്റുള്ളവരെ സഹായിക്കുന്നു. ദുരിതാശ്വാസ സംഘടനകൾക്ക് ചിലപ്പോൾ പണം നൽകുന്നു. ഞങ്ങൾക്കെത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ അവരെത്തുന്നു.

ഇതിന് ഞങ്ങൾ പ്രശംസയൊന്നും തേടുന്നില്ല. ഞങ്ങളുടെ സഹായം പ്രത്യേക ജനങ്ങൾക്കോ ഗ്രൂപ്പിനോ പരിമിതപ്പെടുത്തുന്നില്ല. അങ്ങനെ ഞങ്ങളുടെ ശ്രമങ്ങൾ ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെയാണ്. ഇതാണ് ഞങ്ങളുടെ ദൗത്യം. ഇതാണ് ഞങ്ങൾ, ഇതാണ് ഇസ്‌ലാം.

അവസാനമായി, നിങ്ങളിൽ ചിലർക്ക് ഞങ്ങളുടെ വിശ്വാസങ്ങളെക്കുറിച്ചറിയാമെങ്കിലും അറിയാത്തവർക്കുവേണ്ടി വളരെ സംക്ഷിപ്തമായി ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമായത് 130 വർഷങ്ങൾക്ക് മുമ്പേ, ഇസ്‌ലാം മത സ്ഥാപകരായ വിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ.അ)ന്റെ പ്രവചനമനുസരിച്ചാണ്. 1400 വർഷങ്ങൾക്കുശേഷം വാഗ്ദത്ത മസീഹും മഹ്ദി (മാർഗ്ഗദർശനം ചെയ്യപ്പെട്ട ആൾ)യുമായി തന്റെ അനുയായികളിൽനിന്ന് ഒരാളെ സർവ്വശക്തനായ അല്ലാഹു അയക്കുമെന്നു അദ്ദേഹം പ്രവചനം ചെയ്തു. ഇത് ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനാണ്. അഹ്മദി മുസ്‌ലിമീങ്ങളായ ഞങ്ങൾ, ഞങ്ങളുടെ ജമാഅത്ത് സ്ഥാപകരെ സർവ്വശക്തനായ അല്ലാഹു അയച്ചതാണെന്നും വിശ്വസിക്കുന്നു. അദ്ദേഹം തന്റെ ജമാഅത്ത് സ്ഥാപിച്ചത് 1889ൽ ഇന്ത്യയിലെ ഒരു വിദൂരഗ്രാമത്തിലാണ്. അത് ക്രമേണ വളർന്ന് ദൈവാനുഗ്രഹത്താൽ ലോകത്തിലെ 212 രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുന്നു.

ഞങ്ങളുടെ അംഗങ്ങൾ എവിടെയുള്ളവരായാലും ഞങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ അവകാശങ്ങൾ ആരാധന മുഖേന പൂർത്തീകരിക്കുന്നു. മസ്ജിദുകൾ സ്ഥാപിച്ചുകൊണ്ട് ഞങ്ങളുടെ വിശ്വാസത്തിന്റെ അവശ്യമായ ഭാഗമായി മനുഷ്യകുലത്തിന് സേവനം ചെയ്യുന്നു. ഇസ്‌ലാമാബാദിലെ ഈ സ്ഥലം അകിയർ ചെയ്തത് മുതൽ അതുതന്നെയാണ് സത്യം.

ഞങ്ങൾ ഇവിടെ വന്നതു മുതൽ തദ്ദേശസമൂഹവുമായി ഇഴുകിച്ചേരാൻ ശ്രമിച്ചിട്ടുണ്ട്. നിങ്ങളിൽ നിരവധിപേർ ഞങ്ങളുടെ പഴയ സുഹൃത്തുക്കളും പരിചയക്കാരുമാണെന്ന വസ്തുത തന്നെ ഇതിന് തെളിവാണ്. അഹ്മദി മുസ്‌ലിമായ രണ്ടുപേർ കൗൺസിലിൽ അംഗങ്ങളാണെന്ന വസ്തുതയും ഇതിന് തെളിവാണ്. ഞങ്ങൾ ഒറ്റപ്പെട്ടു ജീവിക്കാൻ ആഗ്രഹിക്കുന്ന അസ്തിത്വങ്ങളല്ല. മറിച്ച്, ഞങ്ങൾ ആഗ്രഹിക്കുന്നത് ഉൽഗ്രഥനമാണ്. ഞങ്ങൾ ഉത്തരവാദിത്തമുള്ള പൗരന്മാരായി ജീവിക്കാൻ ആഗ്രഹിക്കുന്നു. തദ്ദേശ സമൂഹത്തെ സേവിക്കാനും അവർക്ക് പ്രയോജനപ്പെടാനും ഞങ്ങൾ ആഗ്രഹിക്കുന്നു.

യഥാർഥത്തിൽ ഉൽഗ്രഥനം എന്നതിന്റെ ശരിയായ നിർവചനമായി ഞാൻ വിശ്വസിക്കുന്നത് ഞങ്ങൾ താമസിക്കുന്ന രാജ്യത്തിന്റെ കൂറുള്ള പ്രജകളായിരിക്കും എന്നതാണ്. നിങ്ങളുടെ തദ്ദേശ സമൂഹത്തെ ഞങ്ങൾ സേവിക്കും. രാജ്യത്തിന്റെ നിയമങ്ങൾ ഉയർത്തിപ്പിടിക്കും. നിങ്ങളുടെ രാഷ്ട്രത്തിന്റെ നന്മയ്ക്കുവേണ്ടി ഞങ്ങളുടെ കഴിവുകളും വൈദഗ്ധ്യങ്ങളും പ്രയോഗിക്കുന്നതായിരിക്കും.

അവസാനമായി ഞങ്ങളുടെ കൃതജ്ഞത പ്രകടിപ്പിക്കാനുള്ള മാർഗ്ഗമായി ഞങ്ങൾക്ക് ഈ സ്ഥലം പുനർവികസനത്തിന് സാധിച്ചതിനാലും ഈ സ്ഥലം ഞങ്ങളുടെ ജമാഅത്തിന്റെ കേന്ദ്രമായതിനാലും എല്ലാ അഹ്മദി മുസ്‌ലിമീങ്ങളും ഇവിടെ താമസിക്കുന്നവരും സമീവസ്ഥരും നിങ്ങളെ സംരക്ഷിക്കുന്നതായിരിക്കും. നിങ്ങളുടെ അവകാശങ്ങൾ എന്നത്തെക്കാളുമുപരി പൂർത്തീകരിക്കുന്നതായിരിക്കും.

ഈ മസ്ജിദും ഈ കേന്ദ്രവും സമാധാനത്തിന്റെ പ്രതാപം മുന്തിയ പ്രതീകവും മനുഷ്യകുലത്തിന്റെ സേവനത്തിനുപയുക്തവുമായിരിക്കും. സ്നേഹത്തിന്റെ ആത്മാവായും പരസ്പര ബഹുമാനത്തിന്റെയും സഹാനുഭൂതിയുടെയും പ്രകാശിക്കുന്ന വെളിച്ചത്തിന്റെ ദീപസ്തംഭമായും പരിലസിക്കുന്നതായിരിക്കും.

ആഹ്ലാദകരമായ ഈ അവസരത്തിൽ ഞങ്ങളോടൊത്തു ചേർന്നതിന് നിങ്ങൾക്കൊരിക്കൽ കൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു. നിങ്ങളെല്ലാവരേയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്ക് വളരെയധികം നന്ദി. (ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ആഗസ്ത് 2019)

♦♦♦♦♦

**‘മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.’ (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**താലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**“വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.” (ജുമുഅ ഖുത്‌ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**താലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

# ഖുത്ബ ജുമുഅ

അസ്ഹാബുസ്സ്വുഫ്ഫ......നബി(സ)തിരുമേനിയിൽ എത്രമാത്രം ഉന്മത്തരായിരുന്നുവെന്നാൽ
അവിടത്തെ വാതിൽ ഉപേക്ഷിച്ചുപോകാൻ അവർ ആഗ്രഹിച്ചില്ല.

“അല്ലാഹുവാണ! ഒന്നോ രണ്ടോ മാസമായി, അല്ലാഹുവിന്റെ റസൂലിന്റെ ഭവനത്തിൽ പുക ഉയർന്നിട്ടില്ല.’

‘നബി(സ)തിരുമേനി തന്റെ പരിശുദ്ധമായ സത്തയെ ഞങ്ങളുമായി ചേർക്കാൻവേണ്ടി ഞങ്ങളുടെ ഇടയിൽ ഇരുന്നു.
അവിടന്ന് പരിശുദ്ധമായ കൈകൊണ്ട് വൃത്തമുണ്ടാക്കി ഞാനും നിങ്ങളിൽപ്പെട്ടവനാണെന്ന് ആംഗ്യം കാണിച്ചു.
ഒരു വൃത്തമുണ്ടാക്കുകയും നടുവിൽ ഇരിക്കുകയും ചെയ്തു.’

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത
സ്വഹാബിമാരായ ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ് ഹുദല്ലി, ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്,
(റളിയല്ലാഹു അൻഹുമാ വർളൂ അൻഹുമാ) എന്നിവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ)ന്റെ ജീവിത ചരിത്രത്തിന്റെ നോട്ടത്തിൽ അസ്ഹാബുസ്സ്വുഫ്ഫയുടെ
ത്യാഗങ്ങളുടേയും അവരുടെ പദവികളുടേയും ഹൃദയഹാരിയായ ചർച്ച.

ഖിലാഫത്തിന്റെ അഭിമാനം ഉൾക്കൊള്ളുകയും ദീനിനെ മുന്തിക്കുകയും സകലവും അല്ലാഹുവിൽ ഭരമേല്പിക്കുകയും
സൽസ്വഭാവിയും കവിയും സാഹിത്യകാരനും ഉന്നതനായ സംഘാടകനും ധൈര്യവാനുമായ അഹ്മദി ആദരണീയനായ
ത്വാഹിർ ആരിഫ് സാഹിബിന്റെ വഫാത്തും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2019 ആഗസ്റ്റ് 30/1398 ളുഹൂർ 30**
**മസ്ജിദ് ബയ്തുൽ ഫുത്തൂഹ് മോർഡൺ സിററി(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ബദ്രീ സ്വഹാബാക്കളുടെ വിവരണത്തിൽ, ഇന്ന് ഞാൻ വിവരിക്കുന്ന ആദ്യത്തെ സ്വഹാബിയുടെ പേര്, ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ് ഹുദല്ലി എന്നാണ്. ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ് ഹുദല്ലിയുടെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം ബനൂ ഹുദയ്ൽ ഗോത്രത്തിൽപ്പെട്ടയാളായിരുന്നു.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 563, ഉത്ബ ബിൻ മസ്ഊദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹജ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ) ബനൂ സുഹ്റ ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മസ്ഊദ് ബിൻ ഗാഫിൽ എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മി അബ്ദു ബിൻത് അബ്ദി വുദ്ദ് എന്നായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അദ്ദേഹത്തിന്റെ നേരെ സഹോദരനായിരുന്നു. അദ്ദേഹം മക്കയിൽ തുടക്കത്തിൽത്തന്നെ ഇസ്ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുകയും ഹബ്ശയിലേക്ക് രണ്ടാമത് ഹിജ്റത്ത് ചെയ്തവരിൽ പങ്കെടുക്കുകയും ചെയ്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 4, പേജ് 381, ഉത്ബ ബിൻ മസ്ഊദ്, ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).

ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ) അസ്ഹാബുസ്സ്വുഫ്ഫയിൽ പെട്ടയാളായിരുന്നു.(അൽ മുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാകിമി വാള്യം 5, പേജ് 1615, കിതാബുൽഹിജ്റത്തി, ഹദീഥ് നമ്പർ 4294, മക്തബ നിസാർ മുസ്ത്വഫാ അൽബാസ് മക്ക മുകർറമ അർരിയാള് 2000)

അസ്ഹാബുസ്സ്വുഫ്ഫയെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവിധ ചരിത്രഗ്രന്ഥങ്ങളിൽനിന്ന് വിശദീകരണമെടുത്തുകൊണ്ടെഴുതുന്നു: മസ്ജിദിന്റെ ഒരു മൂലയിൽ മേൽകൂരയോട് കൂടിയ ഒരു വരാന്ത നിർമിച്ചിരുന്നു. അതിനെ ‘സ്വുഫ്ഫ’ എന്നാണ് വിളിച്ചിരുന്നത്. അത് ഭവനരഹിതരായ സാധു മുഹാജിറുകൾക്ക് വേണ്ടിയുള്ളതായിരുന്നു. അവർ ഇവിടെയാണ് താമസിച്ചിരുന്നത്. അതുകൊണ്ട് അവരെ അസ്ഹാബു സ്സ്വുഫ്ഫ എന്ന് വിളിച്ചിരുന്നു. രാവും പകലും നബി(സ)തിരുമേനിയുടെ സഹവാസത്തിൽ കഴിയുകയും ഇബാദത്തുകൾ അനുഷ്ഠിക്കുകയും അതുപോലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയുമായിരുന്നു അവരുടെ ജോലി. അവർക്ക് സ്ഥിരമായ ഒരു വരുമാനമാർഗം ഉണ്ടായിരുന്നില്ല. നബി(സ)തിരുമേനി സ്വയം അവരെ സംരക്ഷിച്ചിരുന്നു. ഹദ്‌യ തുടങ്ങിയവ എന്തെങ്കിലും നബി(സ)തിരുമേനിയുടെ അടുത്ത് വരികയോ വീട്ടിലെന്തെങ്കിലും ഉണ്ടാകുകയോ ചെയ്താൽ അസ്ഹാബു സ്സ്വുഫ്ഫയുടെ വിഹിതം തീർച്ചയായും മാറ്റി വെക്കുമായിരുന്നു. ചില സന്ദർഭങ്ങളിൽ അവിടന്ന് സ്വയം പട്ടിണികിടന്ന് വീട്ടിലുള്ളത് അസ്ഹാബു സ്സ്വുഫ്ഫയ്ക്ക് കൊടുത്തുവിടുമായിരുന്നു. അൻസ്വാറും തങ്ങളുടെ കഴിവനുസരിച്ച് അവർക്ക് ആതിഥ്യമരുളുന്നതിൽ വ്യാപൃതരായിരുന്നു. അവർക്കുവേണ്ടി ഈന്തപ്പഴക്കുലകൾ മസ്ജിദിൽ കൊണ്ടുവന്ന് തൂക്കിയിടുമായിരുന്നു. എന്നാൽ, ഇതൊക്കെ ആയിരുന്നിട്ടും വളരെ ഞെരുക്കത്തിലാണ് അവർ കഴിഞ്ഞ് പോയിരുന്നത്. ചില സന്ദർഭങ്ങളിൽ പട്ടിണി കിടക്കേണ്ടി വന്നു. ഇത് വർഷങ്ങളോളം നീണ്ടു നിന്നിരുന്നു. ഏതുവരെയെന്നാൽ മദീനയിലുള്ള ജനപ്പെരുപ്പം കാരണത്താൽ കുറച്ചുപേർക്ക് ജോലി ലഭിച്ചിരുന്നു. മറ്റുചിലർക്ക് ബയ്ത്തുൽ മാലിൽനിന്ന് സഹായത്തിനുള്ള സംവിധാനവും ചെയ്തിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ്(റ) എം.എ, പേജ് 270

ഇവരെ കുറിച്ച് മറ്റു ചില സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള വിവരണം ഏതാണ്ടിങ്ങനെയാണ്: ‘ഇവർ പകൽനേരത്ത് നുബുവ്വത്തിന്റെ ദർബാറിൽ സന്നിഹിതരായിരിക്കും; ഹദീഥുകൾ കേൾക്കും. രാത്രി ഒരു തിണ്ണയിൽ കിടന്നുറങ്ങും. അറബി ഭാഷയിൽ ‘ചബൂത്തറാ’യ്ക്ക്(തിണ്ണ) ‘സ്വുഫ്ഫ’ എന്നാണ് പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അവിടെ കഴിഞ്ഞ പുണ്യാത്മാക്കൾക്ക് ‘അസ്ഹാബുസ്സ്വുഫ്ഫ’ എന്നു പറയുന്നത്. അവരിൽ ആരുടെ പക്കലും ഒരേ സമയം പുതപ്പും കീഴ്മുണ്ടും ഉണ്ടായിരുന്നില്ല. അവർ പുതപ്പ് തുടവരെ തൂങ്ങി കിടക്കുംവിധം കഴുത്തിനോട് കെട്ടി വെച്ചിരുന്നു. പൂർണമായും ധരിക്കാൻ വസ്ത്രമുണ്ടായിരുന്നില്ല.’ ഹദ്റത്ത് അബൂഹുറയ്റ(റ) ഈ ആദരണീയരിൽപെട്ടയാളാണ്. അദ്ദേഹം വിവരിക്കുന്നത് ഇപ്രകാരമാണ്: ‘ഞാൻ അസ്ഹാബുസ്സ്വുഫ്ഫയിൽപ്പെട്ട 70 പേരെ കണ്ടു, അവരുടെ വസ്ത്രം തുടകൾവരെ പോലും എത്തിയിരുന്നില്ല. ശരീരത്തിൽ വസ്ത്രം പൊതിഞ്ഞാൽ അത് കാല്മുട്ടിനുമേൽ വരെ വളരെ കഷ്ടിച്ചേ എത്തിയിരുന്നുള്ളു.’ പിന്നീട് പറയുന്നു: ‘ഉപജീവനത്തിനുള്ള മാർഗം ഇങ്ങനെയായിരുന്നു, അവരിൽനിന്നുള്ള ഒരു സംഘം പകൽ കാട്ടിൽപോയി വിറകു പെറുക്കിക്കൊണ്ടുവന്ന്വില്ക്കുകയും തങ്ങളുടെ സഹോദരങ്ങൾക്കു ഭക്ഷണത്തിനുള്ള കുറച്ചു സൗകര്യം ലഭ്യമാക്കുകയും ചെയ്യുമായിരുന്നു. മിക്ക അൻസ്വാറും ഈന്തപ്പനക്കുലകൾ മുറിച്ചുകൊണ്ടുവന്ന് മസ്ജിദിന്റെ ഇറയത്ത് തൂക്കിയിടുകയും ചെയ്തിരുന്നു. വെളിയിൽനിന്ന് ആരെങ്കിലും വന്ന് ഇവരെ കണ്ടാൽ ഇവർ ഭ്രാന്തരും അനാവശ്യമായി ഇവിടെ കുത്തിയിരിക്കുന്ന മൂഢന്മാരുമാണെന്നാണ് മനസ്സിലാക്കിയിരുന്നത്. അല്ലെങ്കിൽ നബി(സ)തിരുമേനിയിൽ ഇവർ ഉന്മത്തരാണെന്നും അദ്ദേഹത്തെ വിട്ടൊഴിയാൻ ആഗ്രഹിക്കാത്തവരാണെന്നും കരുതിയിരുന്നു. നബി(സ)തിരുമേനിയുടെ അടുക്കൽ എവിടെനിന്നെങ്കിലും വല്ല സ്വദഖയോ മറ്റോ വന്നാൽ അവിടന്ന് അത് അവർക്ക് കൊടുത്തുവിടുമായി

രുന്നു. സൽക്കാരത്തിന്റെ ഭക്ഷണം എത്തിയാൽ അവരെ വിളിക്കുകയും അവരോടൊപ്പം ഇരുന്ന് കഴിക്കുകയും ചെയ്തിരുന്നു. മിക്കപ്പോഴും രാത്രിയിൽ നബി(സ)തിരുമേനി അവരെ മുഹാജിറുകൾക്കും അൻസ്വാറിനും വീതിച്ചു നല്കി. അതായത് കഴിവനുസരിച്ച് ഒരോ വ്യക്തികളും ഒന്നോ രണ്ടോ ആളുകളെ വീതം അവരോടൊപ്പം കൊണ്ടുപോകുകയും രാത്രി ഭക്ഷണം അവർക്ക് നല്കുകയും ചെയ്തിരുന്നു. രാത്രി ഭക്ഷണത്തിന് ചിലരെ ചില മുഹാജിരീംകളെ ഏല്പിക്കുകയും ചിലരെ അൻസ്വാറിനെ ഏല്പിക്കുകയും ചെയ്യുന്ന അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഹദ്‌റത്ത് സഅദ് ബിൻ ഉബാദ(റ) അങ്ങേയറ്റം ദാനശീലനും സമ്പന്നനുമായ സ്വഹാബിയായിരുന്നു. അദ്ദേഹം ചിലപ്പോൾ 80 അതിഥിയെ ഒപ്പം കൊണ്ടുപോകുകയും രാത്രി, അവർക്ക് ആഹാരം നല്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് അതിന് കഴിവുണ്ടായിരുന്നു. അഹ്‌ലുസ്സുഫ്ഫയുടെ എണ്ണം ഏറിയും കുറഞ്ഞുമിരുന്നു. ചുരുങ്ങിയത് 12 പേരെന്നും കൂടിയത് 300 പേർ ഒരേ സമയം വരാന്തയിൽ കഴിഞ്ഞിരുന്നുവെന്നും പറയുന്നു. എന്നല്ല ഒരു നിവേദനത്തിൽ അവരുടെ എണ്ണം 600 എന്നും പറയുന്നുണ്ട്. നബി(സ)തിരുമേനിക്ക് അവരോട് അങ്ങേയറ്റം സ്നേഹം ഉണ്ടായിരുന്നു. അവരോടൊപ്പം മസ്ജിദിൽ ഇരിക്കുകയും ആഹാരം കഴിക്കുകയും ആളുകളോട് അവരെ ബഹുമാനിക്കാൻ നിർദേശിക്കുകയും ചെയ്തിരുന്നു. അതായത് ആദരിക്കപ്പെടാതിരിക്കാനും ബഹുമാനിക്കപ്പെടാതിരിക്കാനും ഇവർ വെറുതെ ഇരിക്കുന്നവരല്ല. എന്നല്ല നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു, എനിക്കുവേണ്ടിയും ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടിയും ഇരിക്കുന്നവരാണിവർ. അതുകൊണ്ട് എല്ലാവരും അവരെ ശരിയായ നിലയിൽ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. ഒരിക്കൽ അഹ്‌ലുസ്സുഫ്ഫയിലെ ഒരു സംഘം നബി(സ)തിരുമേനിയുടെ അടുത്തു വന്ന് പരാതിപ്പെട്ടു; ഈത്തപ്പഴങ്ങൾ തങ്ങളുടെ വയർ കത്തിച്ചുകളഞ്ഞു. വെറും ഈത്തപ്പഴങ്ങളാണ് തിന്നാനായി ലഭിക്കുന്നത്. മറ്റൊന്നും തന്നെ കിട്ടുന്നില്ല.' നബി(സ)തിരുമേനി അവരുടെ പരാതികേട്ട് അവരുടെ സമാധാനത്തിന് ഒരു പ്രസംഗം ചെയ്തു. ഇതിൽ പറഞ്ഞു: 'ഇതെന്താണ്? നിങ്ങളുടെ വയറുകൾ ഈത്തപ്പഴങ്ങൾ കത്തിച്ചു കളഞ്ഞിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. എന്നാൽ, ഈത്തപ്പഴങ്ങൾ തന്നെയാണ് മദീനാവാസികളുടെ ആഹാരമെന്ന് നിങ്ങൾക്ക് അറിയില്ലേ? ആളുകൾ അത് നൽകികൊണ്ട് എന്നെ സഹായിക്കുമ്പോൾ അത് ഞാൻ നിങ്ങൾക്ക് നൽകി നിങ്ങളെയും സഹായിക്കുന്നു.' പിന്നീട് അവിടന്ന് പറഞ്ഞു: "അല്ലാഹുവാണ! ഒന്നോ രണ്ടോ മാസമായി, അല്ലാഹുവിന്റെ റസൂലിന്റെ ഭവനത്തിൽ പുക ഉയർന്നിട്ടില്ല.' അതായത് ഞാനും എന്റെ കുടുംബവും വെറും വെള്ളവും ഈത്തപ്പഴവും കഴിച്ചാണ് ദിവസങ്ങൾ തള്ളി നീക്കുന്നത്.' എന്തായാലും ഈ അസ്ഹാബുസ്സുഫ്ഫ അത്ഭുതകരമായി അലിഞ്ഞു ചേർന്നവരായിരുന്നു. ഈത്തപ്പഴം തിന്നുന്നുവെന്ന് പറഞ്ഞ പരാതിപ്പെട്ടെങ്കിലും അത് വയർ കത്തിച്ചുകളഞ്ഞുവെന്ന് പറഞ്ഞുവെങ്കിലും ആ സ്ഥലം അവർ വിട്ടില്ല. അവർ പൂർണമായും കൂറുപുലർത്തിക്കൊണ്ട് അവിടെ കുത്തിയിരുന്നു. കിട്ടുന്നതു തിന്നും പട്ടിണിയിലും ജീവിച്ചു. പിന്നീട് എഴുതുന്നു, ഇവരുടെ രീതി രാത്രി ആരാധനയിൽ മുഴുകുകയും പകൽ വിശുദ്ധ ഖുർആൻ പഠിക്കുകയും ചെയ്യുക എന്നതായിരുന്നു. അവർക്കു ഒരു മുഅല്ലിം നിശ്ചയിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് രാത്രിയിൽപോയി ഇവർ പഠിക്കുമായിരുന്നു. ഓതുവാൻ അറിയാത്തവരേയും അല്ലെങ്കിൽ വിശുദ്ധ ഖുർആൻ ശരിയായ നിലയിൽ വായിക്കാൻ കഴിയാത്തവരേയും അല്ലെങ്കിൽ ഹൃദിസ്തമാക്കാൻ ആഗ്രഹിച്ചിരുന്നവരേയും രാത്രിയിൽ ആ മുഅല്ലിം പഠിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവരിൽ ഭൂരിഭാഗവും 'ഖാരി' എന്ന് വിളിക്കപ്പെട്ടിരുന്നു. ഇസ്‌ലാമിക പ്രചാരണത്തിന് എവിടെയെങ്കിലും അയക്കേണ്ടിവന്നാൽ ഇവരെയാണ് അയച്ചിരുന്നത്. ഇവർ (വിശുദ്ധ ഖുർആൻ) പഠിച്ച് കഴിഞ്ഞപ്പോൾ ഇവരെ 'ഖാരി' എന്ന് വിളിക്കാൻ തുടങ്ങി. പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കുന്നതിനും ഇവരെ അയക്കാറുണ്ടായിരുന്നു. അതിനുശേഷം ഈ സ്വഹാബിമാരിൽനിന്ന് ധാരാളമാളുകൾ വലിയ വലിയ സ്ഥാനത്ത് അവരോഹിതരായി; അതായത് അസ്ഹാബുസ്സുഫ്ഫയിൽപെട്ടവർ. അല്ലാതെ അവർ വീണ്ടും അവിടെ കുത്തിയിരിക്കുകയായിരുന്നില്ല. മറിച്ച് ഉദ്യോഗങ്ങളിൽ വലിയ വലിയ സ്ഥാനങ്ങളിൽ നിയോഗിതരായി. ഹദ്‌റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലത്ത് ഹദ്‌റത്ത് അബൂഹുറയ്‌റ(റ) ബഹ്‌റയ്നിലെ ഗവർണരായിരുന്നു. പിന്നീട് ഹദ്‌റത്ത് മുആവിയായുടെ കാലഘട്ടത്തിൽ മദീനയിലെ ഗവർണരായി. ഹദ്‌റത്ത് സഅദ് ബിൻ അബീവഖാസ്(റ) ബസ്വറയിലെ ഗവർണരായിരുന്നു. കൂഫ പട്ടണത്തിന് അടിത്തറ പാകിയത് അദ്ദേഹമായിരുന്നു. ഹദ്‌റത്ത് സൽമാനുൽഫാരിസി(റ) മദാഇനിലെ ഗവർണരായിരുന്നു. ഹദ്‌റത്ത് അമ്മാർ ബിൻ യാസിർ(റ) കൂഫയിലെ ഗവർണരായിരുന്നു. ഇവരെല്ലാവരും അസ്ഹാബുസ്സുഫ്ഫയിൽപെട്ടവരായിരുന്നു. ഹദ്‌റത്ത് ഉബാദ ബിൻ ജർറാഹ് ഫലസ്തീനിലെ ഗവർണരായിരുന്നു. ഹദ്‌റത്ത് ഉമർ ബിൻ അബ്ദുൽ അസീസിന്റെ കാലഘട്ടത്തിൽ ഹദ്‌റത്ത് അനസ് ബിൻ മാലിക്(റ) മദീനായിലെ ഗവർണരായിരുന്നിട്ടുണ്ട്. ഇവരിൽ ഒരു സൈന്യാധിപനുമുണ്ടായിരുന്നു. അദ്ദേഹം ഇസ്‌ലാമിക വിജയങ്ങളിൽ വ്യക്തമായൊരു പങ്കാണ് വഹിച്ചത്. ഹദ്‌റത്ത് സയ്ദ് ബിൻ ഥാബിത്(റ) സൈന്യാധിപനായിരുന്നുവെന്ന് മാത്രമല്ല ഹദ്‌റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ 'ഖാളിഖുളാത്തി' ന്റെ(ചീഫ് ജസ്റ്റീസിന്റെ) സ്ഥാനത്തും നിയമിതനായിരുന്നു. (സയ്‌റുസ്സ്വഹാബ, വാല്യം 5, പേജ് 548–550, ദാറുൽഇശാഅത്ത് കറാച്ചി 2004)(ജുസ്തജൂയെ മദീന, അബദുൽ ഹമീദ് ഖാദിരി, പേജ് 672–681)

ഹദ്‌റത്ത് അബൂ സയീദ് ഖുദ്‌രി(റ) നിവേദനം: 'ഞാൻ ദരിദ്രരായ മുഹാജിരീംകളുടെ സംഘത്തിൽ ചെന്നിരുന്നു; ഉടുക്കാൻ തുണിയില്ലാത്ത കാരണത്താൽ ഉള്ളതുകൊണ്ടു തങ്ങളുടെ രഹസ്യസ്ഥാനങ്ങൾ പരസ്പരം മറയ്ക്കാൻ ശ്രമിക്കുന്ന ആ അസ്ഹാബുസ്സുഫ്ഫയുടെ സംഘത്തിൽ! അല്ലെങ്കിൽ പകുതി ശരീരം അവരുടേത് നഗ്നമായിരുന്നു. വളരെ പ്രയാസത്തിലാണ് അവർ തങ്ങളുടെ രഹസ്യസ്ഥലങ്ങൾ മറച്ചിരുന്നത്.' പിന്നീട് പറയുന്നു: 'ഞങ്ങളിൽ ഒരു 'ഖാരി' വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. നബി(സ)തിരുമേനി അവിടേയ്ക്കു കയറി വന്നു. നബി(സ)തിരുമേനി നിന്നപ്പോൾ ഖാരി നിശബ്ദനായി. പിന്നീട് നബി(സ)തിരുമേനി സലാം പറഞ്ഞു. നിങ്ങളെന്താണ് ചെയ്യുന്നതെന്ന് ചോദിച്ചു. ഈ ഖാരി ഞങ്ങളെ ഖുർആൻ കേൾപിക്കുകയായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞു. ഞങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥം കേൾക്കുകയായിരുന്നു. പിന്നീട് നബി(സ)തിരുമേനി പറഞ്ഞു, 'എന്റെ ഉമ്മത്തിൽ ക്ഷമാശീലരായ ഇത്തരമാളുകളെ ചേർക്കുകയും, അവരോടൊപ്പം അവരെപോലെ ക്ഷമിക്കാനുള്ള കല്പന എനിക്കും നല്കുകയും നിങ്ങൾക്കും ക്ഷമിക്കാൻ കല്പന നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും.' നിവേദകൻ പറയുന്നു:'നബി(സ)തിരുമേനി തന്റെ പരിശുദ്ധമായ സത്തയെ ഞങ്ങളുമായി ചേർക്കാൻവേണ്ടി ഞങ്ങളുടെ ഇടയിൽ ഇരുന്നു. അവിടന്ന് പരിശുദ്ധമായ കൈകൊണ്ട് വൃത്തമുണ്ടാക്കി ഞാനും നിങ്ങളിൽപ്പെട്ടവനാണെന്ന് ആംഗ്യം കാണിച്ചു. ഒരു വൃത്തമുണ്ടാക്കുകയും നടുവിൽ ഇരിക്കുകയും ചെയ്തു. എല്ലാവരും നബി(സ)തിരുമേനിയിലേക്ക് തിരിഞ്ഞു.' നിവേദകൻ പറയുന്നു: 'ഞാൻ വിചാരിക്കുന്നത് നബി(സ)തിരുമേനി എന്നെയല്ലാതെ മറ്റാരേയും തിരിച്ചറിഞ്ഞിരുന്നില്ല എന്നാണ്.' വിവരിക്കുന്ന ആൾ പറഞ്ഞു: 'എത്രത്തോളം അധികമാളുകളുണ്ടായിരുന്നുവെന്നാൽ അവിടന്ന് എന്നെയല്ലാതെ മറ്റാരെയും തിരിച്ചറിഞ്ഞിരുന്നില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'പട്ടിണിപാവങ്ങളായ മുഹാജിരീംകളുടെ സംഘമേ! നിങ്ങൾക്കു സുവാർത്ത! ഖിയാമത്തുന്നാൾ നിങ്ങൾ സമ്പൂർണമായ പ്രകാശത്തോടുകൂടി സമ്പന്നന്മാരെക്കാൾ പകുതി ദിവസം മുമ്പേ സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. ഈ പകുതി ദിവസം എന്നത് 500 വർഷത്തിന്റെ ദിവസമാണ്.'(സുനൻ അബൂദാവൂദ് കിതാബുൽ ഇൽമ്, ഹദീഥ് 3666)

അസ്ഹാബുസ്സുഫ്ഫയെ കുറിച്ച് പ്രതിപാദിച്ചിട്ടുള്ള വചനം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നും ഇൽഹാമുണ്ടായിട്ടുണ്ട്: *അസ്ഹാബുസ്സുഫ്ഫത്തി വമാ അദ്‌റാക്ക മാ അസ്ഹാബുസ്സുഫ്ഫത്തി തറാ അഅ്‌യുനഹും തഫീളു മിനദ്ദംഇ യുസല്ലൂന അലയ്ക്ക റബ്ബനാ ഇന്നനാ സമിഅ്നാ മുനാദിയൻ യുനാദീലിൽ ഈമാനി വ ദാഇയൻ ഇലല്ലാഹി വ സിറാജൻ മുനീറാ* വരാന്തയിൽ വസിക്കുന്നവർ വരാന്തയിൽ വസിക്കുന്നവർ എന്താണെന്ന് നിനക്കെന്തറിയാം. നീ കാണുന്നതായിരിക്കും; അവരുടെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരിക്കും. അവർ നിന്റെമേൽ സ്വലാത്തു ചൊല്ലുന്നതായിരിക്കും. അവർ പറയും: ഞങ്ങളുടെ നാഥാ! ഞങ്ങൾ ഒരു വിളിയാളന്റെ വിളി കേട്ടു; അദ്ദേഹം ഈമാനിലേക്ക് വിളിക്കുന്നു. അല്ലാഹുവിലേക്ക്

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**താലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**താലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ക്ഷണിക്കുന്ന ആളായും പ്രകാശം നല്കുന്ന വിളക്കായും.'(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 78)

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ സ്നേഹിതന്മാരെ കുറിച്ചുണ്ടായ വഹ്‌യാണ്; തനിക്കും അതുപോലെ കിട്ടുമെന്ന്! പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചു: 'നബി(സ)തിരുമേനിയുടെ ജീവിത കാലത്തു കഴിഞ്ഞു കടന്ന ഈ അസ്ഹാബുസ്സുഫ്ഫ വലിയ പ്രതാപമുള്ള ആളുകളായിരുന്നു. ദൃഢഗാഢമായ വിശ്വാസമുള്ളവരായിരുന്നു. അവർ കാണിച്ച കൂറിന്റേയും ആത്മാർഥതയുടേയും മാതൃക അതുല്യമായിരുന്നു. 'നിനക്കും അത്തരത്തിലുള്ള ചില ആളുകളെ നല്കുമെന്ന് അല്ലാഹു എന്നോടും പറഞ്ഞു.'

സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദിനെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും സ്വഹാബത്തിന്റെ അവസ്ഥകൾ വിവരിച്ചിട്ടുള്ള ചില മറ്റു ഗ്രന്ഥങ്ങളുണ്ട്. ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ,അൽ ഇസ്വാബ ഫീ തമീസി സ്സഹാബ, അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സഹാബ, അൽത്വബഖാത്തുൽ കുബ്റാ തുടങ്ങിയവയിൽ അദ്ദേഹം ഉഹുദു യുദ്ധത്തിലും അതിനെ തുടർന്നുണ്ടായ യുദ്ധങ്ങളിലും പങ്കെടുത്ത വിവരമാണ് ലഭിക്കുന്നത്.

(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി, ബാബു തസ്മിയ്യ മൻ സമ്മാ മിൻ അഹ്‌ലി ബദ്ർ.....)(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 563, ഉത്ബ ബിൻ മസ്ഊദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).(അൽ ഇസ്വാബ ഫീ തമീസി സ്സഹാബ ഭാഗം 4, പേജ് 366, ഉത്ബ ബിൻ മസ്ഊദ് ഹുദല്ലി(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1995). (അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സഹാബ വാള്യം 3, പേജ് 1030, ഉത്ബ ബിൻ മസ്ഊദ് ഹുദല്ലി(റ) ദാറുൽജീൽ ബേറൂത്ത്), (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 4, പേജ് 381, വമിൻ ഖുലഫാഇ ബനീ സുഹറത്തി, ഉത്ബ ബിൻ മസ്ഊദ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996)

പക്ഷേ, ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതായി കാണുന്നില്ല. പക്ഷേ, ബുഖാരി ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ)നെ ബദ്രീ സ്വഹാബാക്കളിൽ പെടുത്തിയിരിക്കുന്നു.

ഹദ്റത്ത് ഉമർ ബിൻ ഖത്വാബിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജ്റ 23-ൽ മദീനയിൽ ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ)വഫാത്തായി. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ഖാസിം ബിൻ അബ്ദുർറഹ്മാനിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ)ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ)ന്റെ ജനാസ നമസ്കാരത്തിൽ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഉമ്മു അബ്ദിനെ കാത്തുനിന്നു; അവരും ജനാസയിൽ പങ്കുകൊള്ളാൻ.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 4, പേജ് 238, ഉത്ബ ബിൻ മസ്ഊദ്(റ), വമിൻ ഖുലഫാഇ ബനീ സുഹ്റത്തി, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).(അൽബിദായ വന്നഹായ ലിഇബ്നി കഥീർ, വാള്യം 4, ഭാഗം 7,പേജ് 138, ഥുമ്മ ദഖ്‌ലത് സിത്ത ഥലാഥ വ ഇശ്രീൻ, ദാറുൽകുതുബുൽ ഇൽമിയ്യ 2001)

ഇമാം സുഹ്രി പറഞ്ഞിരിക്കുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) സഹവാസത്തിന്റേയും ഹിജറത്തിന്റേയും അടിസ്ഥാനത്തി ൽ തന്റെ സഹോദരൻ ഹദ്റത്ത് ഉത്ബയെക്കാൾ കൂടുതൽ പഴയ ആളായിരുന്നില്ല. അതായത് ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ) കൂടുതൽ പഴയ സ്വഹാബിയായിരുന്നില്ല. അബ്ദുല്ലാഹ് ബിൻ ഉത്ബയിൽനിന്ന് നിവേദനം: ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ) വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ന്റെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. ചിലയാളുകൾ അദ്ദേഹത്തോട് ചോദിച്ചു: താങ്കളും കരയുകയാണോ? അദ്ദേഹം മറുപടി നല്കി: ഇത് എന്റെ സഹോദരനാണ്. റസൂലുല്ലാഹ്(സ)യുടെ വീട്ടിൽ എന്റെ കൂട്ടുകാരനായിരുന്നു. അതുപോലെ ഹദ്റത്ത് ഉമർ(റ) കഴിഞ്ഞാൽ എനിക്ക് അദ്ദേഹം എല്ലാവരേക്കാളും പ്രിയങ്കരനായിരുന്നു.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സഹാബ വാള്യം 3, പേജ് 563, ഉത്ബ ബിൻ മസ്ഊദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

മറ്റൊരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ന്റെ അടുത്ത് അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദ്(റ) മരിച്ച വിവരം എത്തിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം പറഞ്ഞു: *ഇന്ന ഹാദിഹി റഹ്മത്തുൻ ജഅല ഹല്ലാഹു ലാ യംലിക്കുഹബ്നു ആദമ* തീർച്ചയായും ഇത് റഹ്മത്താണ്. അത് അല്ലാഹു സൃഷ്ടിച്ചതാണ്. ആദം സന്തതിക്ക് അതിനെ വരുതിയിലാക്കാൻ ശക്തിയില്ല. (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 4, പേജ് 381-382, ഉത്ബ ബിൻ മസ്ഊദ് വമിൽ ഖുലഫാഇ ബനീ സുഹ്റത്തി ദാദു അഹ്‌യാഉ ത്തുറാഫ് അൻ അറബി ബേറൂത്ത്, ലബ്നാൻ 1996)

അതായത് മരണം വിധിക്കപ്പെട്ടതാണ്. സൽകർമകാരികൾക്ക് അത് റഹ്മത്തായി തീരുന്നു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ), ഹദ്റത്ത് ഉത്ബ ബിൻ മസ്ഊദിനെ തദ്ദേശ അമീറും ആക്കാറുണ്ടായിരുന്നു. (അൽഇസ്വാബ ഫീ തമീസിസ്സഹാബ വാള്യം 4, പേജ് 366, ഉത്ബ ബിൻ മസ്ഊദ് അൽഹദല്ലി ദാറുൽ ഫിക്ർ ബേറൂത്ത് 2008)

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ) എന്നാണ്. ഇദ്ദേഹം അൻസ്വാരിയായിരുന്നു. ഹദ്റത്ത് ഉബാദയുടെ പിതാവിന്റെ പേര് സ്വാമിത്ത് ബിൻ ഖയ്സെന്നും മാതാവിന്റെ പേര് ഖുർറത്തുൽ അയ്ൻ ബിൻത് ഉബാദ എന്നുമായിരുന്നു. ഒന്നാം അഖബ ബയ്അത്തിലും രണ്ടാം അഖ്ബ ബയ്അത്തിലും അദ്ദേഹം പങ്കെടുത്തു. അൻസ്വാർ ഗോത്രമായിരുന്ന ഖസ്റജിലെ കുടുംബമായ ബനൂ ഔഫ് ബിൻ ഖസ്റജിന്റെ നേതാവായിരുന്നു അദ്ദേഹം. 'ഖവാഖിൽ' എന്ന പേരിൽ അദ്ദേഹം പ്രശസ്തനായിരുന്നു. 'ഖവാഖിൽ' എന്നു പേരുവരാൻ കാരണം മദീനയിൽ ഏതെങ്കിലും നേതാവിന്റെ അടുത്ത് ആരെങ്കിലും അഭയാഭ്യർഥന നടത്തിയാൽ ഈ മലയിൽ ഇഷ്ടമുള്ളതുപോലെ കയറിക്കൊള്ളുക എന്നു പറയുമായിരുന്നു;ഇപ്പോൾ നീ അഭയത്തിലാണ്. അതായത് നിനക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല. എവിടെ വേണമെങ്കിലും ഇഷ്ടംപോലെ താമസിച്ചുകൊള്ളുക. അതായത് നീ വിശാലത അനുഭവിച്ചും നിർഭയനായും തിരിച്ചുപോകുക. അഭയം നല്കുന്നവർ 'ഖവാഖില' എന്ന പേരിൽ പ്രസിദ്ധരായിരുന്നു. ഇബ്നുഹിശാം പറയുന്നു: 'അത്തരം നേതാവ് ആർക്കെങ്കിലും അഭയം നല്കുമ്പോൾ അയാൾക്ക് ഒരു അമ്പ് നല്കിക്കൊണ്ടു 'ഈ അമ്പുമായി ഇനി എവിടെവേണമെങ്കിലും പൊയ്ക്കൊള്ളുക' എന്ന് പറയുമായിരുന്നു. ഹദ്റത്ത് നുഅ്മാൻ(റ)ന്റെ പിതാമഹൻ ഥഅ്ലബ ബിൻ വഅ്ദിനെ 'ഖവഖിൽ' എന്നു പറയാറുണ്ടായിരുന്നു. ഇപ്രകാരംതന്നെ ഖസ്റജിന്റെ സർദാർ ഗനം ബിൻ ഔഫിനേയും 'ഖവഖിൽ' എന്നു പറയാറുണ്ടായിരുന്നു. ഇതുപോലെതന്നെ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തും 'ഖവഖിൽ' എന്ന ഉപനാമത്തിൽ പ്രസിദ്ധനായിരുന്നു. ബനൂ ഔഫിന്റെ നേതാവ് ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തായിരുന്നു.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, വാള്യം 3, പേജ് 158-159, ഉബാദ ബിൻ സ്വാമിത്ത്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅദ്(റ) ഭാഗം 3, പേജ് 414, അന്നുഅ്മാൻ ബിൻ മാലിക്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2012)(അസ്സീറത്തുന്നബ് വിയ്യ ലിഇബ്നി ഹിശാം, പേജ് 309, അൽഅഖബത്തുൽ ഊലാ വ മുസ്അബ് ബിൻ ഉമയ്ർ.......ദാറുൽകുതുബുൽ ഇൽമിയ്യ 2001) (താജുൽ ഉറൂസ് 'ഖഖൽ' എന്ന പദം, വാള്യം 15, പേജ് 627, ബാബു അല്ലാമു, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 1994)

ഹദ്റത്ത് ഉബാദ(റ)യുടെ ഒരു മകന്റെ പേര് വലീദ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ജമീല ബിൻത് അബൂ സ്വഅ്സ്വഅ് എന്നായിരുന്നു. രണ്ടാമത്തെ മകന്റെ പേര് മുഹമ്മദ് എന്നായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹദ്റത്ത് ഉമ്മു ഹറാം ബിൻ മിൽഹാൻ എന്നായിരുന്നു. ഹദ്റത്ത് ഔസ് ബിൻ സ്വാമിത്ത്(റ), ഹദ്റത്ത് ഉബാദയുടെ സഹോദരനായിരുന്നു. ഹദ്റത്ത് ഔസും ബദ്രി സ്വഹാബിയായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ, ഭാഗം 3, പേജ് 280-281, ഉബാദ ബിൻ സ്വാമിത്ത്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).അബൂ മർഥദ് ഗനവി(റ)ഹിജറത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ഉബാദയെ അദ്ദേഹത്തിന്റെ സുഹൃത്താക്കി. ഹദ്റത്ത് ഉബാദ(റ) ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉബാദ(റ)ഹിജറ 34-ൽ ഫലസ്തീനിലെ റംലയിൽ വഫാത്തായി. ചിലരുടെ അഭിപ്രായപ്രകാരം ബയ്ത്തുൽ മുഖദ്ദസിൽ വെച്ചാണ് വഫാത്തായത്. അങ്ങനെ അവിടെ മറവുചെയ്തു. അദ്ദേഹത്തിന്റെ ഖബ്ർ ഇന്നും പ്രസിദ്ധമാണ്. ഒരു നിവേദനമനുസരിച്ച് അദ്ദേഹം വഫാത്തായത് ഖബ്റസിലാണ്. ഹദ്റത്ത് ഉമർ(റ) അതിന്മേൽ അദ്ദേഹത്തെ ഭരണാധികാരിയായി അയച്ചപ്പോഴായിരുന്നു അത്. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന് 72 വയസായിരുന്നു. അദ്ദേഹം നല്ല പൊക്കവും തടിയും വളരെ സൗന്ദര്യവുമുള്ള വ്യക്തിയായിരുന്നു. ചിലർ പറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ മരണം ഹിജറ 45-ൽ അമീർ മുആവിയായുടെ കാലഘട്ടത്തിലായിരുന്നു. എന്നാൽ, ആദ്യം പറഞ്ഞതാണ് കൂടുതൽ ശരിയായിട്ടുളത്. അതിൽ പറഞ്ഞിട്ടുള്ളത് ഹിജറ 34-ൽ ഫലസ്തീനിൽ വഫാത്തായി എന്നാണ്; 45-ൽ അല്ല.(ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 55-56, ദാറുൽഫികർ ബേറൂത്ത് 2003)(അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സഹാബ വാള്യം 2, പേജ് 355, ഉബാദ ബിൻ സ്വാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002) (ശറഹ് മുസ്നദ് അശ്ശാഫീ, അബ്ദുൽ കരീം ബിൻ മുഹമ്മദ് ഖസ്ദീനി, ഭാഗം 2, പേജ് 165, പ്രസാധകർ ഇദാറത്തു അശ്ശഅ്വൻ അൽഇസ്ലാമിയ്യ, ഖത്തർ, 2007, മക്തബ അശ്ശാമില)

ഹദ്റത്ത് ഉബാദ ബിൻ സാമിത്തിന്റെ നിവേദനങ്ങളുടെ എണ്ണം 181 ആണ്. ഹദീഥുകളുടെ വിവിധ നിവേദനങ്ങൾ അദ്ദേഹത്തിൽനിന്നുണ്ട്. ഇത് നിവേദനം ചെയ്യുന്നവർ വലിയ സ്വഹാബാക്കളും താബിഈനുമാണ്; സ്വഹാബിമാരിൽപ്പെട്ട ഹദ്റത്ത് അനസ് ബിൻ മാലിക്, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് മിഖ്ദാം ബിൻ മഅ്ദീ കരിബ് തുടങ്ങിയവരാണ്.(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 405, ദാറുൽ ഇശാഅത്ത് ഉർദു കറാച്ചി 2004)

നിവേദകൻ പറയുന്നു: ഹദ്റത്ത് ഉബാദ(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അഖ്ബയുടെ രാത്രി ഇദ്ദേഹവും നേതാക്കന്മാരിൽ ഒരു നേതാവായിരുന്നു. ഹദ്റത്ത് ഉബാദ ബിൻ സാമിത്ത് വിവരിച്ചു: ഇദ്ദേഹം പറയാറുണ്ടായിരുന്നു, നബി(സ)തിരുമേനിയുടെ ചുറ്റും അവിടത്തെ സ്വഹാബത്തിന്റെ ഒരു സംഘമുണ്ടായിരുന്നപ്പോൾ പറഞ്ഞു: ഞാൻ ഈ പറയുന്ന കാര്യത്തിൽ നിങ്ങളെനിക്ക് ബയ്അത്ത് ചെയ്യുക. അല്ലാഹുവിന് ഒന്നിനേയും പങ്കുകാരാക്കുകയില്ല. മോഷ്ടിക്കുകയില്ല. സന്താനങ്ങളെ കൊല്ലുകയില്ല. അറിഞ്ഞോ അറിയാതെയോ അപരാധം പറയുകയില്ല. നല്ല കാര്യങ്ങളിൽ അനുസരിക്കുന്നതായിരിക്കും. നിങ്ങളിലാരാണോ ഈ പ്രതിജ്ഞ പൂർത്തിയാക്കിയത് അവന്റെ പ്രതിഫലം അല്ലാഹുവിന്റെ ചുമതലയാണ്. ഈ തിന്മകളിൽ ഏതെങ്കിലും തിന്മ ചെയ്യുകയും പിന്നീട് ലോകത്ത് അവന് ശിക്ഷ ലഭിക്കുകയും ചെയ്താൽ ആ ശിക്ഷ അവന് പ്രായശ്ചിത്തമായിരിക്കും. ഈ തിന്മകളിൽ ഏതെങ്കിലും ഒന്ന് ഒരുവൻ ചെയ്യുകയും പിന്നീട് അല്ലാഹു അത് മറച്ചുവെക്കുകയും ചെയ്താൽ അവന്റെ കാര്യം അല്ലാഹുവിന്റെ ചുമതലയിലാണ്. അവനിച്ഛിച്ചാൽ പൊറുത്ത് കൊടുക്കുകയോ ശിക്ഷിക്കുകയോ ചെയ്യാം. അങ്ങനെ ഞങ്ങൾ ഇക്കാര്യത്തിൽ നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തു.' ഇത് ബുഖാരിയിൽ വന്നിട്ടുള്ള നിവേദനമാണ്.(സ്വഹീഹുൽബുഖാരി കിതാബുൽ ഈമാൻ ബാബ് അലാമത്തുൽഈമാൻ ഹുബ്ബുൽഅൻസാർ ഹദീഥ് 18)

മദീന ഹിജ്റത്തിന്റെ നേരത്ത് നബി(സ)തിരുമേനി ഖുബായിൽ ജുമുഅ നമസ്കരിച്ചപ്പോൾ, ജുമുഅ നമസ്കാരത്തിനുശേഷം നബി(സ) തിരുമേനി മദീനയിലേക്ക് പുറപ്പെടാൻ തന്റെ ഒട്ടകത്തിന്മേൽ കയറി. അവിടന്ന് അതിന്റെ കടിഞ്ഞാൺ അയച്ചുവിട്ടു. അതിനെ അനക്കിയതൊന്നുമില്ല. ഒട്ടകം ഇടവും വലവും നോക്കാൻ തുടങ്ങി; നടന്നുപോകുന്നതിന് ഏതോ ഭാഗത്തിന്റേയോ വശത്തിന്റേയോ തീരുമാനം എടുക്കുന്നതുപോലെ, താൻ എങ്ങോട്ട് പോകണമെന്ന്! അത് നില്ക്കുകയായിരുന്നു. ഇടവും വലവും നോക്കുന്നുണ്ടായിരുന്നു. മുന്നോട്ടു പോകുന്നുണ്ടായിരുന്നില്ല. ഇതുകണ്ട് സലീം ഗോത്രത്തിലെയാളുകൾ-അവരുടെ മഹല്ലിലാണല്ലോ നബി(സ)തിരുമേനി ജുമുഅ നമസ്കരിച്ചത്- നബി(സ)തിരുമേനിയോടു ചോദിച്ചു: അവരിൽ ഉത്ബ ബിൻ മാലിക്, നൗഫൽ ബിൻ അബ്ദുല്ലാഹ് ബിൻ മാലിക്, ഉബാദ ബിൻ സാമിത്ത് എന്നിവരുമുണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയോട് ചോദിച്ചു, യാ റസൂലല്ലാഹ്! ഞങ്ങളുടെ അടുത്ത് താമസിച്ചാലും. ഈ പ്രദേശത്ത് ആളുകളും ഒരുപാടുണ്ട്. ആദരവും സംരക്ഷണവും പൂർത്തിയാകുകയും ചെയ്യും. അവർ പൂർണമായും ആദരിക്കുന്നതായിരിക്കും. അങ്ങയെ സംരക്ഷിക്കുന്നതായിരിക്കും. ഇവിടെ ഞങ്ങൾ മുസ്ലിമീങ്ങളാണ് അധികമുള്ളത്. ഒരു നിവേദനത്തിൽ ഈ വാക്കുകളും ഉണ്ട്; ഇവിടെ സമ്പത്തും അധികാരവുമുണ്ട്. ഞങ്ങളിലെ ആളുകൾ വളരെ സമ്പന്നരാണ്. പണം ഞങ്ങളുടെ കൈയിലുണ്ട്. ഒരു നിവേദനത്തിലുള്ളത് ഞങ്ങളുടെ ഗോത്രങ്ങളിൽ ഇറങ്ങുക എന്നാണ്. ഞങ്ങൾ എണ്ണത്തിലും കൂടുതലുണ്ട്. ഞങ്ങളുടെ കൈയിൽ ആയുധങ്ങളുമുണ്ട്. അതുപോലെ ഞങ്ങളുടെ കൈയിൽ തോട്ടങ്ങളും ജീവിതാവശ്യങ്ങളുമുണ്ട്. അതായത് സംരക്ഷിക്കാനും ഞങ്ങൾക്ക് കഴിയും. സാമ്പത്തികനിലയിലും ഉയർന്നവരാണ്. പിന്നീട് അവർ പറഞ്ഞു: യാ റസൂലല്ലാഹ്! യന്നും ഭീകരതയ്ക്ക് വിധേയനായും ഏതെങ്കിലും അറബി ഈ പ്രദേശത്ത് വന്നാൽ ഞങ്ങളുടെ അടുത്തുവന്നാണ് അയാൾ അഭയം തേടുന്നത്.' നബി(സ)തിരുമേനി അവർ പറഞ്ഞതെല്ലാം കേട്ടു. അവർക്ക് നന്മകൾ നേർന്നു. പറഞ്ഞു: 'നിങ്ങൾ പറഞ്ഞ കാര്യങ്ങളും നിങ്ങളുമെല്ലാം ശരിതന്നെയാണ്.' എന്നിട്ടു പറഞ്ഞു: 'ഒട്ടകത്തിന് വഴി മാറികൊടുക്കുക. കാരണം ഇന്ന് ഇത് നിയമിക്കപ്പെട്ടിരിക്കുകയാണ്. ഇത് എവിടെ പോകുന്നുവെങ്കിലും നില്ക്കുന്നുവെങ്കിലും ഇരിക്കുന്നുവെങ്കിലും അല്ലാഹുവിന്റെ കല്പനയാലായിരിക്കും.' മറ്റൊരു നിവേദനത്തിലുള്ള വാക്കുകൾ ഇങ്ങനെയാണ്: 'നബി(സ)തിരുമേനി പറഞ്ഞു: 'ഈ ഒട്ടകം നിയമിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അതിന് വഴി വിട്ടുകൊടുക്കുക.' അവിടന്ന് പുഞ്ചിരിച്ചുകൊണ്ട് പറയുകയായിരുന്നു. എന്തൊന്നാണോ നിങ്ങൾ സമർപിച്ചത് അല്ലാഹു നിങ്ങളിൽ അനുഗ്രഹം ചൊരിയട്ടെ. പിന്നീട് ഒട്ടകം അവിടെനിന്ന് നടക്കാൻ തുടങ്ങി. (അസ്സീറത്തുൽ ഹൽബിയ്യ, ഭാഗം 2, പേജ് 83, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

ഈജിപ്ത് വിജയത്തെ സംബന്ധിച്ച് സയറുസ്സ്വഹാബായുടെ കർത്താവ് എഴുതുന്നു: 'ഫാറൂഖി ഖിലാഫത്തിൽ മിസ്ർ വിജയിക്കുന്നത് താമസിച്ചു. അപ്പോൾ അംറ്ബിൻ ആസി(റ) ഹദ്റത്ത് ഉമറിന് കൂടുതൽ സഹായത്തിന് കത്തെഴുതി. ഹദ്റത്ത് ഉമർ നാലായിരം പേരടങ്ങുന്ന സൈന്യം അയച്ചു. ഇതിൽ ആയിരം പേരുടെ ഓഫീസർ ഹദ്റത്ത് ഉബാദയായിരുന്നു. മറുപടിയിലെഴുതി: ഈ ഓഫീസർമാരിൽ ഓരോ വ്യക്തിയും ഓരോ ആയിരത്തിനും തുല്യരാണ്. ഈ സഹായം മിസ്റിൽ എത്തിയപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസി(റ) മുഴുവൻ സൈന്യത്തേയും ഒരുമിച്ചുകൂട്ടി. വികാരനിർഭരമായ പ്രസംഗം ചെയ്തു. ഹദ്റത്ത് ഉബാദയെ വിളിച്ചു പറഞ്ഞു, താങ്കളുടെ കുന്തം എനിക്ക് തരിക. അംറ് ബിൻ ആസ് തന്റെ തലയിൽനിന്ന് തലയിൽകെട്ട് എടുക്കുകയും കുന്തത്തിന്മേൽവെച്ച് അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. ഇത് സൈന്യാധിപന്റെ അറിവാണ്. സൈന്യാധിപന്റെ കൊടിയാണ്. ഇന്ന് താങ്കളാണ് സൈന്യാധിപൻ. അല്ലാഹുവിന്റെ തേജോവിലാസം! അതിനുശേഷം ആദ്യ ആക്രമണത്തിൽതന്നെ നഗരം കീഴടങ്ങി.' (സയ്റുസ്സ്വഹാബ, സയീദ് അൻസാരി, വാള്യം 3, ഭാഗം 2, പേജ് 402, ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഹദ്റത്ത് അബൂ ഉബയ്ദ് ബിൻ ജർറാഹ്, ഡമാസ്കസ് കീഴടക്കിയതിനുശേഷം ഹിംസിൽ വന്നു. ഇവിടുത്തെ വാസികൾ അദ്ദേഹവുമായി സഖ്യത്തിലായി. അതിനുശേഷം അദ്ദേഹം ഹദ്റത്ത് ഉബാദ്ബിൻ സാമിത്ത് അൻസാരിയെ ഹിംസിലിന്റ് മേൽനോട്ടക്കാരനായി നിശ്ചയിച്ചു. സ്വയം ഹുവാത്തിലേക്ക് നീങ്ങി. ഹദ്റത്ത് ഉബാദ ബിൻ സാമിത്ത്(റ) പിന്നീട് ലാദിഖിയാ ഭാഗത്തേക്കു പോയി. അത് ശാം ദേശത്ത് കടൽതീരത്ത് സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ്. അവിടുത്തെ വാസികൾ മുസ്ലിമീങ്ങളുമായി യുദ്ധം ചെയ്തു. അവിടെ ഒരു വളരെ വലിയ വാതിലുണ്ടായിരുന്നു. അത് വലിയൊരു ആൾക്കൂട്ടമില്ലാതെ തുറക്കാൻ പറ്റുമായിരുന്നില്ല. ഹദ്റത്ത് ഉബാദ(റ) സൈന്യത്തെ നഗരത്തിൽനിന്ന് ദൂരത്തുകൊണ്ടുപോയി. ഒരാളും അയാളുടെ കുതിരയും നല്ലവണ്ണം ഒളിച്ചിരിക്കാൻ വിധത്തിൽ കുഴിയെടുക്കാൻ അവരോട് കല്പിച്ചു; നീളത്തിൽ ഖൻദഖ് കുഴിക്കുക. മുസ്ലിമീങ്ങൾ കുഴിയെടുക്കാൻ ഒരുപാട് ശ്രമിച്ചു. ആ ജോലി കഴിഞ്ഞപ്പോൾ പകൽവെളിച്ചത്തിൽ ഹിംസിലേക്ക് മടങ്ങിപ്പോകാൻ കല്പിച്ചു. രാത്രിയായപ്പോൾ ഈയാളുകൾ തങ്ങളുടെ താവളത്തിലേക്കും അവർ കുഴിച്ച കുഴികളിലേക്കും വന്നു. ലാദിഖിയായിലെ ആളുകൾ മനസ്സിലാക്കിയത് അവരെ വിട്ട് ഇവർ പോയെന്നാണ്. നേരം വെളുത്തപ്പോൾ അവർ തങ്ങളുടെ വാതിൽ തുറന്നു. തങ്ങളുടെ കന്നുകാലികളുമായി പുറപ്പെട്ടു. മുസ്ലിമീങ്ങൾ ക്ഷണത്തിൽ പ്രത്യക്ഷപ്പെട്ടു. ഇവരെ കണ്ട് അവർ അന്ധാളിച്ചുപോയി. മുസ്ലിമീങ്ങൾ അവരുടെമേൽ ആക്രമണം നടത്തി. വാതിലിലൂടെ പട്ടണത്തിൽ കടന്നു. അതിനെ ജയിച്ചടക്കി. ഹദ്റത്ത് ഉബാദ കോട്ടയിൽ കടന്നു. അതിന്റെ ഭിത്തിയിൽ കയറി അതിനുള്ളിൽനിന്ന് തക്ബീർ ചൊല്ലി. ലാദിഖിയായിലെ ക്രിസ്ത്യാനികളിൽനിന്ന് ഒരു ജനത യസീദിലേക്ക് ഓടിപ്പോയി. പിന്നീട് തങ്ങളുടെ നാട്ടിലേക്ക് തിരിച്ചുവരാൻ അവർ അഭയം തേടി. ആദ്യം ഭയന്നുപോയതാണ്. പക്ഷേ, പിന്നീട് തങ്ങൾക്ക് അഭയം തരണമെന്നും തങ്ങൾ തിരിച്ചുവരാനാഗ്രഹിക്കുന്നുവെന്നും അവർ പറഞ്ഞു. അങ്ങനെ കപ്പം നല്കിയതിനാൽ സ്ഥലം അവർക്ക് ഏല്പിച്ചുകൊടുത്തു. വരവിന്റെ ഒരു ഭാഗം മുസ്ലിമീങ്ങൾക്ക് നല്കണം എന്ന നിബന്ധനയിൽ അവരുടെ സ്ഥലം അവർക്ക് വിട്ടുകൊടുത്തു. അവരുടെ ആരാധനാലയം അവർക്ക് വിട്ടുകൊടുത്തു; അവർ ആരാധിച്ചിരുന്ന സ്ഥലവും അവർക്ക് തിരിച്ചുനല്കി; നിങ്ങൾ ഇഷ്ടപ്പെടുന്നതുപോലെ ആരാധിച്ചുകൊള്ളുക. മുസ്ലിമീങ്ങൾ ലാദിഖിയായിൽ ഹദ്റത്ത് ഉബാദയുടെ കല്പനയാൽ ഒരു മസ്ജിദ് നിർമിച്ചു. പിന്നീട് അത് വിപുലപ്പെടുത്തി. ഹദ്റത്ത് ഉബാദയും മുസ്ലിമീങ്ങളും കടൽതീരത്ത് എത്തി. ബൽദ എന്നു പേരുള്ള ഒരു നഗരം കീഴടക്കി. അത്

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ജബല കോട്ടയിൽനിന്ന് 6 മൈൽ ദൂരത്താണ്.

ഹദ്റത്ത് ഉബാദ(റ)യും അദ്ദേഹത്തിന്റെ കൂട്ടുകാരും വീണ്ടും വിജയങ്ങൾ കൊയ്തു. അവർ മുഖേന 'അൻത്വർത്വൂസ്' കീഴടങ്ങി. അത് ശാം ദേശത്ത് കടൽക്കരയിൽ സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ്. അതുപോലെ പിന്നീട് അദ്ദേഹത്തിന്റെ പ്രദേശങ്ങളായ ലാദിഖിയ, ജബല, ബൽദ, അൻത്വർത്വൂസ് തുടങ്ങിയവയെല്ലാം ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിന്റെ കൈയാൽ വിജയിച്ചു. (ഫുത്തൂഹുൽ ബുൽദാൻ, പേജ് 83–85)

ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഉബാദ(റ)യെ ചില സ്വദഖകളുടെ ഉദ്യോഗസ്ഥനാക്കി. അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിനെ ഭയപ്പെട്ട് കൊണ്ടിരിക്കുക. അന്ത്യനാൾ നീ ഒട്ടകത്തെയും ഏറ്റിക്കൊണ്ടു വരുമ്പോൾ അത് കരയുകയോ അല്ലെങ്കിൽ പശുവിനെയും ഏറ്റിക്കൊണ്ടു വരുമ്പോൾ അത് കരയുകയോ അല്ലെങ്കിൽ ആടിനെ ഏറ്റിക്കൊണ്ടു വരുമ്പോൾ അത് കരയുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്. അതായത് വഞ്ചന ഉണ്ടാകാൻ ഇടവരരുത്. സ്വദഖ ശരിയായ നിലയിൽ സംരക്ഷിക്കപ്പെടാത്ത സാഹചര്യം ഉണ്ടാകരുത്. അക്കാലത്ത് സ്വദഖയായി, സക്കാത്തായി വന്നിരുന്നത്, ഒട്ടകം പശു ആട് തുടങ്ങിയവയായിരുന്നു. അവ വിതരണം ചെയ്യുകയും അവയെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ ശരിയായ നിലയിൽ അതിനോടുള്ള കടമ നിർവഹിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാകാൻ പാടില്ല. അങ്ങനെ വരുമ്പോൾ അവ അന്ത്യനാളിൽ നിനക്ക് ഭാരമായി മാറുന്നതായിരിക്കും. അത് കേട്ട് ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ) പറഞ്ഞു: 'അങ്ങയെ സത്യത്തോടെ അയച്ചവനെക്കൊണ്ടു സത്യം! ഞാൻ രണ്ടു പേരുടെമേൽപോലും ഉദ്യോഗസ്ഥനാകുകയില്ല. ആരുടെയും ഒരു ഭാരവും വഹിക്കാൻ കഴിവില്ല എന്നതാണ് എന്റെ അവസ്ഥ. അതുകൊണ്ട് എന്നെ നിയമിക്കാതിരിക്കലാണ് ഉത്തമം.' നബി(സ)തിരുമേനിയുടെ കാലത്ത് അൻസ്വാറിൽ നിന്ന് 5 പേരാണ് വിശുദ്ധ ഖുർആൻ സമാഹരിച്ചത്. അവരുടെ പേരുകൾ ഇപ്രകാരമാണ്: ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്, ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്, ഹദ്റത്ത് അബൂ അയ്യൂബ് അൻസ്വാരി, ഹദ്റത്ത് അബൂ ദർദ്ദാഅ്(റളിയല്ലാഹു അൻഹും). (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സഹാബ ഭാഗം 3, പേജ് 55, പ്രസാധകർ ദാറുൽഫിക് ർ ബേറൂത്ത് 2005)

ഹദ്റത്ത് യസീദ് ബിൻ സുഫിയാൻ സിറിയയിൽ വിജയം നേടിയതിനുശേഷം ഹദ്റത്ത് ഉമറിന് എഴുതി: 'ഖുർആൻ പഠിപ്പിക്കാനും ദീനിന്റെ അറിവ് നല്കുന്നതിനും സിറിയയിൽ അധ്യാപകന്റെ ആവശ്യമുണ്ട്.' അപ്പോൾ ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് മുആദിനെയും ഹദ്റത്ത് ഉബാദയെയും ഹദ്റത്ത് അബൂ ദർദ്ദായേയും അയച്ചുകൊടുത്തു. ഹദ്റത്ത് ഉബാദ ഫലസ്തീനിൽ ചെന്ന് താമസിച്ചു. ജുനാദയിൽനിന്ന് നിവേദനം: 'ഞാൻ ഹദ്റത്ത് ഉബാദയുടെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ ദീനിനെ ശരിക്കും മനസ്സിലാക്കിയിരിക്കുന്ന ആളായി കണ്ടു.' അതായത് അദ്ദേഹം വലിയ പണ്ഡിതനായിരുന്നു.(അൽ ഇസ്വാബ ഫീ തമീസിസ്സഹാബ വാല്യം 3, പേജ് 507, ഉബാദ ബിൻ സ്വാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

അങ്ങനെ മുസ്‌ലിമീങ്ങൾ സിറിയയിൽ വിജയം നേടിയപ്പോൾ, അവിടെയുള്ള ആളുകൾക്ക് ഖുർആൻ പഠിപ്പിക്കുവാനും ദീനിന്റെ അറിവ് നല്കുന്നതിനും വേണ്ടി ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉബാദയോടൊപ്പം ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് അബൂ ദർദ്ദാഅ് എന്നിവരെ സിറിയയിലേക്ക് അയച്ചു. ഹദ്റത്ത് ഉബാദ ഹിമസിൽ താമസിച്ചു. ഹദ്റത്ത് അബൂദർദ്ദാഅ് ഡമാസ്കസിൽ താമസിച്ചു. ഹദ്റത്ത് മുആദ് ഫലസ്തീൻ ഭാഗത്തേക്ക് പോയി. പിന്നീട് കുറച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് ഉബാദയും ഫലസ്തീനിലേക്ക് പോയി. അവിടെ അമീർ മുആവിയ ഒരു കാര്യത്തിൽ അതായത് ദീനിന്റെ കാര്യത്തിൽ എതിർത്തു. അത് ഹദ്റത്ത് ഉബാദ(റ) ഇഷ്ടപ്പെട്ടിരുന്നില്ല. ഏതോ ദീനിപരമായ പ്രശ്നത്തിലുള്ള അഭിപ്രായ ഭിന്നതയായിരുന്നു. അമീർ മുആവിയ്യ അദ്ദേഹത്തോടു കടുത്ത ഭാഷയിൽ സംസാരിച്ചു. ഹദ്റത്ത് ഉബാദ പറഞ്ഞു: 'ഞാനൊരിക്കലും താങ്കളോടൊപ്പം ഒരു ദേശത്ത് താമസിക്കുകയില്ല.' പിന്നീട് അദ്ദേഹം മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ഉമർ ചോദിച്ചു: 'എന്ത് കാര്യമാണ് താങ്കളെ ഇവിടെ തിരിച്ചുകൊണ്ട് വന്നത്?' ഹദ്റത്ത് ഉബാദ(റ), ഹദ്റത്ത് ഉമറിനോട് എല്ലാ സംഭവങ്ങളും വിവരിച്ചു. ഹദ്റത്ത് ഉമർ പറഞ്ഞു: 'താങ്കൾ താങ്കളുടെ സ്ഥലത്തുതന്നെ തിരിച്ചുപോകണം. താങ്കളോ, താങ്കളെ പോലുള്ളവരോ ഇല്ലാത്ത ഭൂപ്രദേശത്തെ അല്ലാഹു നശിപ്പിക്കുന്നതാണ്. അതുകൊണ്ട് താങ്കൾ തീർച്ചയായും തിരിച്ചുപോകേണ്ടതാണ്.' അതായത് അറിവുള്ളവർ, ദീനീപരമായ ജ്ഞാനമുള്ളവർ നബി(സ)തിരുമേനിയുടെ പഴയ സ്വഹാബാക്കളിൽ ആരെങ്കിലും തീർച്ചയായും ഉണ്ടായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ ആ ദേശത്തിന്റെ നിർഭാഗ്യതയാണത്. അതുകൊണ്ട് താങ്കൾ തിരിച്ചുപോകേണ്ടത് നിർബന്ധമാണ്. താങ്കൾക്ക് ഹദ്റത്ത് ഉബാദയുടെമേൽ ഒരു അധികാരവും ഉണ്ടായിരിക്കുകയില്ലെന്ന നിർദേശം അമീർ മുആവിയായ്ക്ക് എഴുതി അയക്കുകയും ചെയ്തു.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 3, പേജ് 55, ഉബാദ ബിൻ അസ്സാമിത്ത്(റ), പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2003) 'ചില പ്രശ്നങ്ങളുണ്ട്. ഇദ്ദേഹം അത് വിവരിക്കുന്നുവെങ്കിൽ അത് കേൾക്കുക. ഇദ്ദേഹം പറയുന്നത് ശരിയായ കാര്യമാണ്.' ഹദ്റത്ത് ഉബാദയുടെ വേറേയും ചില കാര്യങ്ങളുണ്ട്. അദ്ദേഹം ഉദ്ധരിച്ച നിവേദനങ്ങളുണ്ട്. അത് ഇൻശാഅല്ലാഹ് അടുത്ത ഖുത്‌ബകളിൽ വിവരിക്കുന്നതാണ്. കാരണം അത് ദീർഘമായ വിശദീകരണമാണ്. സമയം കൂടുതലെടുക്കുന്നതായിരിക്കും.

ഇനി ഞാൻ ഒരു പരേതാത്മാവിനെ കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ ജനാസയും ഞാനിപ്പോൾ നമസ്കരിപ്പിക്കുന്നതാണ്. അദ്ദേഹമാണ് ആദരണീയ ത്വാഹിർ ആരിഫ് സാഹിബ്. അദ്ദേഹം ആഗസ്ത് 26ന് വലിയ ക്ഷമ പരീക്ഷണരോഗത്തിനുശേഷം യു.കെയിൽ ദൈവവിധി പ്രകാരം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കാൻസറിന്റെ ബുദ്ധിമുട്ടായിരുന്നു. വളരെ ക്ഷമയോടെ ഈ ബുദ്ധിമുട്ടിനെ അദ്ദേഹം സഹിച്ചു. ഇദ്ദേഹം ആദ്യം സർക്കാരുദ്യോഗസ്ഥനായിരുന്നു. വലിയ ഉയർന്ന റാങ്കിലുള്ള ആളായിരുന്നു. അവിടെനിന്ന് റിട്ടയർഡായി. അതിനുശേഷം ഞാൻ അദ്ദേഹത്തെ കുറച്ചുകാലം മുമ്പേ, കുറച്ചു വർഷം മുമ്പേ ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ പ്രസിഡണ്ടാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഇപ്പോൾ ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ പ്രസിഡണ്ടായിരുന്നു. മതപരമായ സേവനവും ചെയ്തുവരികയായിരുന്നു.

ത്വാഹിർ ആരിഫ് സാഹിബ് 1952 ഫെബ്രുവരി 13–നാണ് ജനിച്ചത്. അടിസ്ഥാനപരമായി അദ്ദേഹത്തിന്റെ കുടുംബം സിയാൽക്കോട്ടുകാരായിരുന്നു. പിന്നീട് ഇവർ സർഗോദയിൽവന്ന് താമസിച്ചതാണ്. ത്വാഹിർ ആരിഫ് സാഹിബിന്റെ പിതാവ് ചൗദ്‌രി മുഹമ്മദ് യാർ ആരിഫ് സാഹിബ് ജമാഅത്തിന്റെ മുബല്ലിഗായിരുന്നു. അദ്ദേഹത്തിന് മുബല്ലിഗ് എന്ന നിലയിൽ ഇംഗ്ലണ്ടിൽ സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. ലണ്ടൻ മസ്ജിദിലെ നാഇബ് ഇമാമുമായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് മുഹമ്മദ് യാർ ആരിഫ് സാഹിബ് റബ്‌വയിൽ നാഇബ് വക്കീലുത്തബ്ശീർ തഹ്‌രീക്കെ ജദീദുമായിരുന്നു. ഇപ്രകാരം മൗലാനാ മുഹമ്മദ് യാർ ആരിഫ് സാഹിബ് ജമാഅത്തിലെ സംവാദം നടത്തുന്ന ഉന്നതരായ ആളുകളിലും ശ്രേഷ്ഠരായ ഉലമാഉലും ഉൾപ്പെട്ടിരുന്നു. 1940 മാർച്ച് 23ന് പാക്കിസ്താൻ പ്രമേയം പാസാക്കപ്പെട്ട യോഗത്തിൽ ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യാറിനോടൊപ്പം അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധി എന്ന നിലയിൽ മുഹമ്മദ് യാർ ആരിഫ് സാഹിബും പങ്കെടുത്തിരുന്നു; അതായത് ത്വാഹിർ ആരിഫ് സാഹിബിന്റെ പിതാവ്. ഇങ്ങനെ അദ്ദേഹത്തിന് ചരിത്രപരമായ ഒരു ഭാഗ്യവും ലഭിച്ചിരുന്നു. ത്വാഹിർ ആരിഫ് സാഹിബിന്റെ മാതാവിന്റെ പേര് ഥുറയ്യാബീഗം എന്നായിരുന്നു. അവരുടെ പിതാമഹൻ ഹദ്റത്ത് ചൗദ്‌രീ ഗുലാം ഹുസയ്ൻ ഭട്ടി സാഹിബ്, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ത്വാഹിർ ആരിഫ് സാഹിബ് വലിയ പണ്ഡിതനായിരുന്നു. സാഹിത്യകാരനായിരുന്നു. കവിയുമായിരുന്നു. ധാരാളം ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ട് കവിതാസമാഹാരം പ്രശസ്തമാണ്; ഒന്ന് ഉർദുവിലും, ഒന്ന് പഞ്ചാബിയിലും. ഇതിനു പുറമെ മറ്റു ഗ്രന്ഥങ്ങളുമുണ്ട്. വളരെ നല്ല ഗ്രന്ഥങ്ങളാണ്. 'മുഹമ്മദ് സല്ലല്ലാഹു അലയ്ഹിവസല്ലം' എന്ന പേരിൽ ഒരു ഇംഗ്ലീഷ് ഗ്രന്ഥമുണ്ട്. പാക്കിസ്താനെ കുറിച്ച് മറ്റൊരു ഗ്രന്ഥവുമുണ്ട്; 'പാക്കിസ്താൻ മൻസിൽ ബഃ മൻസിൽ.' അദ്ദേഹം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. എക്ണോമിക്സ് ചെയ്തതിനുശേഷം എൽ.എൽ. ബി ഡിഗ്രിയുമെടുത്തിരുന്നു. പിന്നീട് ഉന്നത വിദ്യാഭ്യാസത്തിന് ഇംഗ്ലണ്ടിൽ വന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്ണോമിക്സിൽനിന്ന് എൽ.എൽ.എം(LLM) ഡിഗ്രി എടുത്തു. ദൈവകൃപയാൽ ലണ്ടൻ യൂണിവേഴ്സിറ്റിയിൽനിന്ന് മാർക് ഓഫ് മെറിറ്റിന്റെ ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു. ലണ്ടനിലെ വിദ്യാഭ്യാസത്തിനുശേഷം പാക്കിസ്താനിൽ വന്നു. ഇവിടെ സി.എസ്.എസ്.(C.S.S) പരീക്ഷ പാസായി. അങ്ങനെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്‌റൂർ, വാല്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

സിവിൽ സർവീസസ് പാക്കിസ്താനുമായി ബന്ധമായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഭിവൃദ്ധിപ്പെട്ട് ജനറൽ ഓഫ് പോലീസ് (ഐ.ജി)യുടെ സ്ഥാനംവരെ എത്തി. നമുക്കെതിരിൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം പാക്കിസ്താനിലെ അവസ്ഥകളിൽ ഈ പൊസിഷനിൽ എത്തുക എന്നത് തീർച്ചയായും അദ്ദേഹത്തിന്റെ അസാധാരണമായ കഴിവുകളാണ് തെളിയിക്കുന്നത്.

പാക്കിസ്താൻ പോലീസിനു പുറമെ, എഫ്.ഐ.എയിലും എമിഗ്രേഷൻ ഇന്റലിജൻസ് ബ്യൂറോയിലും നിയമിതനായിരുന്നു. വിദ്യാഭ്യാസത്തിന് അദ്ദേഹം ഇംഗ്ലണ്ടിൽ താമസിക്കുകയായിരുന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ നിർദ്ദേശപ്രകാരം ചൗദ്ദരി റശീദ് സാഹിബ് കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷിൽ പുസ്തകങ്ങൾ എഴുതിയപ്പോൾ, അവയുടെ രചനയിൽ സഹായിക്കാനും ഇദ്ദേഹത്തിന് തൗഫീഖ് കിട്ടി. ഇദ്ദേഹം അതിൽ ഒരുപാട് സേവനം ചെയ്തു.

ദൈവകൃപയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ വലിയ താൽപര്യമായിരുന്നു. ഏതെങ്കിലും ഗ്രന്ഥം എപ്പോഴും പാരായണത്തിലുണ്ടാകും. വെറും പാരായണമല്ല. പാരായണം ചെയ്യുന്ന ഗ്രന്ഥത്തിന്റെ നോട്സും എടുക്കുമായിരുന്നു. പിന്നീട് ആ വിഷയങ്ങൾ സുഹൃത്തുക്കളുമൊത്ത് ചർച്ച ചെയ്യുമായിരുന്നു. പതിവായി വിശുദ്ധഖുർആൻ പാരായണം ചെയ്തിരുന്നു. അതിൽ ചിന്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ആരോ എഴുതി, എന്നല്ല എനിക്കുതന്നെയും അറിയാം. ഒരിക്കൽ സംസാരത്തിന്നിടയിലാണ് പതിവായി തഹജ്ജുദിന് എഴുന്നേല്ക്കുമായിരുന്നുവെന്നും മനസ്സിലായത്. ഉദ്യോഗസംബന്ധമായി താമസിച്ചിരുന്നിടത്തെല്ലാം എപ്പോഴും ജമാഅത്തിന്റെ സേവനത്തിന് സന്നദ്ധനായിരുന്നു. നിർഭയനായിരുന്നു. ദൈവകൃപയാൽ ഞാൻ പറഞ്ഞിരുന്നതുപോലെ വളരെ വിശാല വായനയായിരുന്നു. നല്ല ബുദ്ധിയുമായിരുന്നു. അതുകൊണ്ട് ആത്മീയവും ഭൗതികവുമായ അറിവും വിശാലമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം തന്റെ അറിവിനെ വിനിയോഗിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജമാഅത്തുപരമായ നിലയിലും ചില കാര്യങ്ങളിൽ വലിയ നല്ല അഭിപ്രായമുണ്ടായിരുന്നു. നല്ല അഭിപ്രായങ്ങൾ നല്കുന്ന വ്യക്തിത്വമായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തിനുവേണ്ടി വലിയ ആത്മീയരോഷം വെച്ചുപുലർത്തിയിരുന്നു. വലിയ ആത്മാർഥനും നിർഭയനുമായ അഹ്മദിയായിരുന്നു. ജീവിതം മുഴുവൻ അഹ്മദിയ്യാ ഖിലാഫത്തിന്റെ സുൽത്വാനെ നസ്വീറായിരിക്കാൻ(ശക്തനായ സഹായകനായിരിക്കാൻ) ശ്രമിച്ചിരുന്നു. കൂറോടുകൂടി ജമാഅത്തിന്റെ സേവകനെന്ന നിലയിൽ ജീവിച്ചു. ദൈവകൃപയാൽ ഞാൻ കണ്ടിട്ടുണ്ട്, ഈ ശ്രമത്തിൽ അല്ലാഹു അദ്ദേഹത്തിന് വിജയവും പ്രദാനം ചെയ്തിട്ടുണ്ട്. എന്റെ സഹപാഠിയായിരുന്നു. കുട്ടിക്കാലം മുതൽ കോളേജ് കാലഘട്ടത്തിലും എനിക്ക് അദ്ദേഹത്തെ അറിയാമായിരുന്നു. ദൈവകൃപയാൽ അക്കാലം മുതലെ അദ്ദേഹത്തിന് അറിവ് സമ്പാദിക്കാൻ വലിയ താൽപര്യമായിരുന്നു. നല്ല സംവാദകനായിരുന്നു. കോളേജിലെ സംവാദങ്ങളിലും പങ്കെടുത്തിരുന്നു. നല്ല പ്രസംഗകനായിരുന്നു. അപ്പോഴും അദ്ദേഹത്തിന്റെ മതപരമായ അറിവ് ഞാൻ കണ്ടു; വളരെ നല്ല അറിവുണ്ടായിരുന്നു. ജമാഅത്തിലെ ഖുദ്ദാമിനേയും വാഖ്ഫീനെ സിന്ദഗിയേയും ആദരിക്കുകയും സ്നേഹവികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഇതിനു പുറമെ അഹ്മദി സ്നേഹിതന്മാരെ അനുവദനീയമായ നിലയിൽ സഹായിക്കാൻ സദാ തയ്യാറായിരുന്നു. ഉന്നതമായ ഉദ്യോഗത്തിൽ ഉപവിഷ്ഠനായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തന്റെ അഹ്മദികളെ അനുവദനീയമായ നിലയിലെല്ലാം കഴിവിന്റെ പരമാവധി സഹായിക്കാറുണ്ടായിരുന്നു.

ഫള്‌ലെ ഉമർ ഫൗണ്ടേഷനിൽ അദ്ദേഹത്തിന്റെ സേവനങ്ങളുടെ പരമ്പര 2014 മുതലാണ് തുടങ്ങുന്നത്. ആ നേരത്ത് ഞാൻ അദ്ദേഹത്തെ ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ ഡയരക്ടറായി നിശ്ചയിച്ചിരുന്നു. പിന്നീട് 2017–ൽ ചൗദ്ദരീ ഹമീദ് നസ്റുല്ലാഹ് ഖാൻ സാഹിബിന്റെ വഫാത്തിനുശേഷം–അദ്ദേഹമായിരുന്നു ആ നേരത്ത് ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ സ്വദ്ർ– ഞാൻ ഇദ്ദേഹത്തെ ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ സ്വദ്റായി നിശ്ചയിച്ചു. ദൈവകൃപയാൽ ഞാൻ പറഞ്ഞതുപോലെ മരണംവരെ ഇദ്ദേഹം ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ സ്വദ്റായിരുന്നു. മരണംവരെ അതായത് ഇവിടെ ഇംഗ്ലണ്ടിൽ ചികിത്സയ്ക്കായി വരുന്നതുവരെ, മൂന്നുനാലു മാസം മുമ്പേവരെ ഇദ്ദേഹം വളരെ കഠിനാധ്വാനത്തോടെ ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ ജോലി ചെയ്യാറുണ്ടായിരുന്നു. എല്ലാ യോഗങ്ങളിലും മുടങ്ങാതെ വരുമായിരുന്നു. അതിൽ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തും ജോലികളിൽ നല്ല വിശാലതയുണ്ടായി.

ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ അനീസ ത്വാഹിർ സാഹിബയുണ്ട്. ഇസ്ഫന്ദർ യാർ ആരിഫ് മകനാണ്. മൂന്ന് പെൺമക്കളാണ്, ത്വയ്യിബ ആരിഫ്, അസീസ ഔജ്, ബനാത്വാഹിർ ആരിഫ്. രണ്ട് പുത്രിമാരുടെ വിവാഹം നടന്നുകഴിഞ്ഞു. മകന്റേയും ഒരു മകളുടേയും വിവാഹം നടക്കാനുണ്ട്. ഇദ്ദേഹത്തിന്റെ മകൾ ത്വയ്യിബ ആരിഫ് ത്വാഹിർ സാഹിബ എഴുതുന്നു: 'ഞങ്ങളുടെ പിതാവ് ത്വാഹിർ ആരിഫ് സാഹിബിന് അല്ലാഹു നിരവധി ഭൗതികാനുഗ്രഹങ്ങളും നല്കുകയുണ്ടായി. എന്നാൽ, അദ്ദേഹം എപ്പോഴും അഹ്മദിയ്യത്തിന്റെ വ്യക്തിത്വത്തെ വലിയ തന്റേടത്തോടും അഭിമാനത്തോടുംകൂടി നിലനിറുത്തി. അങ്ങേയറ്റം വിശ്വസ്തനും വിശ്വാസാർഹനുമായിരുന്നു. ദീനിനെ മുന്തിക്കുന്ന ആളായിരുന്നു. അല്ലാഹുവിൽ സകലവും ഭരമേല്പിക്കുന്നയാളായിരുന്നു. സൽസ്വഭാവിയായിരുന്നു. കവിയായിരുന്നു. സാഹിത്യകാരനായിരുന്നു. ഉന്നതനായ സംഘാടകനായിരുന്നു. ടീച്ചറായിരുന്നു. മതപരമായ അറിവുകൾകൊണ്ട് വിഭൂഷിതനായിരുന്നു. ഉത്തരവാദപെട്ട ഭർത്താവായിരുന്നു. വാത്സല്യനിധിയായ പിതാവായിരുന്നു. എല്ലാത്തിലുമുപരി അല്ലാഹുവിലും റസൂലിലും പ്രേമത്തിൽ നിമഗ്നനുമായിരുന്നു.' മകൾ പറയുന്നു: 'അദ്ദേഹത്തെ എപ്പോഴും വളരെ നീതിമാനും മൃദുസ്വഭാവക്കാരനുമായാണ് കണ്ടിട്ടുള്ളതെന്ന് ഞങ്ങളുടെ ഉമ്മ പറയാറുണ്ട്. ചെറിയവർ, വലിയവർ, സമ്പന്നർ, ദരിദ്രർ തുടങ്ങി കക്ഷിഭേദമെന്യേ എല്ലാവരോടും ഔദ്യോഗികസ്ഥാനത്തിനതീതനായി നല്ലവണ്ണം പെരുമാറിയിരുന്നു.' ചില കുടുംബബന്ധുക്കൾ വികാരങ്ങൾക്കു വിധേയരായി തങ്ങളുടെ വ്യക്തിപരമായ ബന്ധങ്ങൾ കാരണത്താൽ എഴുതാറുണ്ട്. പക്ഷേ, ഇദ്ദേഹത്തെക്കുറിച്ച് ഈ എഴുതുന്നത് അങ്ങനെയല്ല. കാരണം എനിക്ക് ഇദ്ദേഹത്തെ വ്യക്തിപരമായ അറിയാം. അതുകൊണ്ട് ഈ പറയുന്നതെല്ലാം യാഥാർഥ്യമാണ്. യഥാർഥത്തിൽ ഇദ്ദേഹം അങ്ങനെതന്നെയായിരുന്നു.

മുബാറക് സിദ്ദീഖീ സാഹിബ് എഴുതുന്നു: 'പരേതനായ ത്വാഹിർ ആരിഫ് സാഹിബിന്റെ സ്വഭാവത്തിൽ വിനയവും എളിമയുമുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയോടു വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും ബന്ധം വെച്ചുപുലർത്തുന്നയാളായിരുന്നു. പ്രഗത്ഭനായ കവിയായിരുന്നു. സാഹിത്യകാരനായിരുന്നു.' മുബാറക് സിദ്ദീഖീ സാഹിബ് പറയുന്നു: 'ഒരിക്കൽ ഞാൻ അദ്ദേഹത്തോട് ഏതെങ്കിലും ഇഷ്ടപ്പെട്ട പദ്യശകലം കേൾപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഖിലാഫത്തുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന തന്റെ ഈ വരികൾ കേൾപ്പിച്ചു,

ആഖാ തെരാ ഗുലാം
തെരെ പാസ് ഹൊ കഭീ
ഖദ്മോം മെ ലൗട്ട് ജായേ
ബദൻ ഘാസ് ഹൊ കഭീ
പ്രഭോ, അങ്ങയുടെ അടിമ
എപ്പോഴെങ്കിലും അങ്ങയുടെ അടുത്തുണ്ടായാൽ
നിസാര വസ്തുവായി കാലുകളിൽ ശരീരം മടങ്ങരുത്

ഇദ്ദേഹം പറയുന്നു: 'ഒരിക്കൽ ഒരു സൗഹൃദപരമായ കൂടിക്കാഴ്ചയിൽ ഞാൻ പറഞ്ഞു, താഹിർ സാഹിബ് അല്ലാഹു എല്ലാ അഹ്മദിക്കും ഏതെങ്കിലും വിധത്തിൽ വലിയ സ്ഥാനങ്ങൾ നല്കി അനുഗ്രഹിച്ചിരിക്കുന്നു. താങ്കൾക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ വളരെ വലിയ ജോലി നല്കി അനുഗ്രഹിച്ചു.' അദ്ദേഹം പറഞ്ഞു: 'ഞാൻ അഹ്മദിയായി എന്നത്, അതിലും എത്രയോ വലുതാണ്. കൂടാതെ കാലത്തിന്റെ ഖലീഫയുടെ സഹപാഠിയാകാൻ സാധിച്ചതും എനിക്ക് ലഭിച്ച വലിയ ഭാഗ്യമാകുന്നു.' പിന്നീട് അദ്ദേഹം എന്നോടൊപ്പം പഠിച്ചതിനെ സംബന്ധിച്ച് പറഞ്ഞു, 'ഞാൻ കാലത്തിന്റെ ഖലീഫയുടെ ക്ലാസ് ഫെല്ലോ ആയിക്കഴിഞ്ഞിട്ടുണ്ട്. ഇതെനിക്ക് വളരെ വലിയ ബഹുമതിയാണ്.' അദ്ദേഹത്തിന്റെ പിതാവ് മൗലാനാ മുഹമ്മദ് യാർ ആരിഫ് സാഹിബ് വിദ്യാഭ്യാസത്തിന് ഇദ്ദേഹത്തെ റബ്വയിൽ അയച്ചു. കോളേജിൽ അയച്ചു. നമ്മുടെ കോളേജ് കുറച്ചുകാലം കഴിഞ്ഞപ്പോൾതന്നെ ദേശസാൽക്കരിക്കപ്പെട്ടിരുന്നു. അതിനാൽ പിന്നീട് അദ്ദേഹം ഹോസ്റ്റലിൽ താമസിക്കുന്നതിനുപകരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന് അപേക്ഷ നല്കി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിസിന്, മൗലാനാ

( ശേഷം പേജ് 11ൽ)

## അല്ലാഹുവിന്റെ കലാം

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 19 (വെള്ളിയാഴ്ച)**

(തുടർച്ച.....) *മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടന വേളയിൽ ഹുദൂർ ചെയ്ത പ്രഭാഷണത്തെ തുടർന്ന് അതിഥികളുടെ പ്രതികരണങ്ങൾ:*

ഒരു മുസ്‌ലിം വനിത ഹാനിയയും അവരുടെ മാതാവും ഈ പ്രോഗ്രാമിൽ പങ്കെടുത്തിരുന്നു. അവർ തങ്ങളുടെ പ്രതികരണം ഇങ്ങനെ വെളിപ്പെടുത്തുന്നു: 'ഹുദൂറിനെ കണ്ടതിൽ വളരെ സന്തോഷമുണ്ട്. പരസ്പരം കണ്ട് ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. മസ്ജിദ് നിർമാണം വളരെ നല്ല പ്രവൃത്തിയാണ്. നിങ്ങൾ നൽകുന്ന സന്ദേശം മുഖേന ഇസ്‌ലാമിനെതിരിലുള്ള ധാരാളം തെറ്റായ ധാരണകൾ നീക്കാൻകഴിഞ്ഞു. മുസ്‌ലിമീങ്ങൾക്ക് മറ്റൊരു കേന്ദ്രം ഉണ്ടായിരിക്കുന്നു എന്നതിൽ വളരെ സന്തോഷം തോന്നുന്നു. ഇസ്‌ലാമിനെപ്പറ്റി ജനങ്ങളിൽ കാണപ്പെടുന്ന വിദ്വേഷം തികച്ചും തെറ്റാണ്. ഹുദൂറിന്റെ സന്ദേശം വ്യാപകമാകുമെന്നും അമേരിക്കൻ ജനത ഇസ്‌ലാമിന്റെ യാഥാർഥ്യം തിരിച്ചറിയുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളോട് വളരെ നന്ദിയുണ്ട്.ഇവിടെ വന്നത് വളരെ നന്നായി.'

ഒരു തദ്ദേശ കൗൺസിലറും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ അനുഭവം വിശദീകരിക്കുന്നു: 'ഹുദൂറിന്റെ സമാധാന സന്ദേശം വളരെ അനിവാര്യമാണ്. പ്രത്യേകിച്ചും ഇക്കാലഘട്ടത്തിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. എനിക്ക് ഇവിടെ വരാൻ കഴിഞ്ഞതിൽ വളരെ ആദരവ് തോന്നുന്നു. ഞാനെന്റെ മുമ്പിൽ ഈ മസ്ജിദ് നിർമിക്കപ്പെട്ടിരിക്കുന്നതുകണ്ടു. ഇവിടുത്തെ മസ്ജിദിന്റെ സ്ഥാപനം ഈ പ്രദേശത്തിനാകമാനും വളരെ അനുഗ്രഹദായകമാണ്. അയൽവാസികൾക്ക് ആവശ്യങ്ങൾ നേരിടുമ്പോൾ തോളോട് തോൾചേർന്ന് നിങ്ങൾ നിലകൊള്ളുമെന്ന സന്ദേശമാണ് ഹുദൂർ നൽകിയത്. എന്റെ അഭിപ്രായത്തിൽ ഇവിടെ ഫിലാഡൽഫിയയിൽ മാത്രമല്ല അമേരിക്കയിലാകമാനം ഈ സന്ദേശത്തിന്റെ ആവശ്യകതയുണ്ട്. ഇവിടുത്തെ വാസികൾക്ക് നന്മയുടെ ഭാവുകങ്ങൾ ഹുദൂർ നേരുകയുണ്ടായി. ശുഭ പ്രതീക്ഷകൾ പങ്കു വെച്ചു. ഈ പട്ടണം സാഹോദര്യത്തിന്റെ പട്ടണമാണെന്ന് എനിക്ക് ദൃഢ ബോധ്യമുണ്ട്. ഈ സന്ദേശത്തിലും ഈ പ്രതീക്ഷയിലും പൂർണമായും നിലകൊള്ളുമെന്നും എനിക്ക് ബോധ്യമുണ്ട്.'

ഒരു അനഹ്മദി ഇമാം ഈ പ്രോഗ്രാമിൽ പങ്കെടുത്തിരുന്നു. തന്റെ വികാരം ഇങ്ങനെ പങ്കുവെച്ചു: 'എന്റെ ആദ്യ ബന്ധം അഹ്മദികളുമായി തുടങ്ങുന്നത് ജമാഅത്തിന്റെ ഭാഗത്തുനിന്ന് ചെയ്യപ്പെട്ട വിശുദ്ധ ഖുർആനിന്റെ തർജമയുമായി ബന്ധപ്പെട്ടാണ്. ഈ തർജമ എനിക്ക് വളരെ ഇഷ്ടമാണ്. ഹുദൂറിന്റെ സന്ദേശം ഗംഭീരമാണ്. നൂറു ശതമാനവും ഞാൻ ഹുദൂറിന്റെ സന്ദേശത്തോട് ഐക്യപ്പെടുന്നു. ഇതു തന്നെയാണ് നമ്മുടെ മിഷൻ. ഇതു തന്നെയാണ് നമ്മുടെ ലക്ഷ്യവും. നാമെല്ലാവരും ആദമിന്റെ മക്കളാണ്. നമ്മുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പരസ്പരം പരിശ്രമിക്കേണ്ടതുണ്ട്. നബി (സ)തിരുമേനിയുടെ യഥാർഥ സന്ദേശം നാമെല്ലാവരും ഒന്നു ചേർന്ന് വ്യാപിപ്പിക്കേണ്ടതുണ്ട്.'

ഈ പരിപാടിയിൽ പങ്കെടുത്ത ഒരു ഫലസ്തീൻ വനിത തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ഇവിടെ ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്. ഇത് വളരെ മനോഹരമായ മസ്ജിദാണ്. നിങ്ങളെ കണ്ടതിൽ ഇന്നെനിക്ക് വളരെ സന്തോഷം തോന്നുന്നു. ഹുദൂറിന്റെ സന്ദേശം സുപ്രധാനമായിരുന്നു. ഫലസ്തീനിലെ ഒരു ചെറുഗ്രാമവുമായിട്ടാണ് എന്റെ ബന്ധം. ഞാനെന്റെ ചെറുപ്പ കാലത്ത് പഠിച്ച ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ഇന്ന് ഹുദൂറിന്റെ പ്രഭാഷണത്തിൽ കാണാൻ സാധിച്ചു. അദ്ദേഹം സൂചിപ്പിച്ച ഇസ്‌ലാമാണ് യഥാർഥമായത്. ഏത് വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചാലും സമാധാനത്തിനുവേണ്ടി ഏകോപിച്ച് പ്രവർത്തിക്കേണ്ട ആവശ്യം നമുക്കുണ്ട്. സമാധാനത്തിനു വേണ്ടിയുള്ള ഹുദൂറിന്റെ സേവനങ്ങൾ മഹത്തരമാണ്. അയൽവാസികളെ ശ്രദ്ധിക്കുക. വിവിധ നിറങ്ങളുമായും വിഭാഗങ്ങളുമായും മതങ്ങളുമായും ബന്ധപ്പെട്ടാണ് നാം ഉള്ളതെങ്കിലും നാമേവരും ഏക ദൈവത്തെ അംഗീകരിക്കുന്നവരാണ്. മനുഷ്യസമൂഹത്തിന്റെ സേവനത്തിന് നാം ഒന്നു ചേരേണ്ടതുണ്ട്. ഇതൊരു മഹനീയ സന്ദേശമാണ്. യഥാർഥത്തിൽ നിങ്ങൾ എല്ലാ സമൂഹത്തിന്റേയും പ്രാതിനിധ്യം വഹിച്ചിരിക്കുന്നു.'

ഒരു സ്കൂളിന്റെ വനിതാ ഡയറക്ടറും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: 'ഇവിടേക്കുള്ള എന്റെ വരവ് എനിക്ക് ലഭിച്ച ആദരവാണ്. നാലഞ്ച് വർഷമായി ഇതിന്റെ നിമാണത്തിനു വേണ്ടി കാത്തിരിക്കുകയായിരുന്നു ഞാൻ. ഒടുവിൽ ഈ മനോഹരമായ മസ്ജിദ് നിർമ്മിക്കപ്പെട്ടു.'

മറ്റൊരു അതിഥി പറയുന്നു: 'നമ്മുടെ സമൂഹത്തിന് പരമ പ്രധാനം ഐക്യമാണ്. ഇത് മാത്രമാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്, നാം ഒന്നാണെന്നും വേറിട്ട് നിൽക്കുന്നതിൽ നഷ്ടമുണ്ടെന്നും. ഹുദൂ റിന്റെ ഈ സന്ദേശത്തെ നാം എന്നും മുന്നിൽ വെക്കുകയും എന്നും ഈ ഒരു സന്ദേശത്തിന്റെ പ്രചാരകരായി മാറുകയും ചെയ്യേണ്ടതുണ്ട്. ഏറ്റവും പ്രധാനമായത് ഇതു തന്നെയാണ്.'

ഒരു അധ്യാപിക തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിക്കുന്നു:'ഞാനെന്റെ വീട്ടിലെത്തിയതുപോലെയുള്ള വികാരമാണ് ഇവിടെ എത്തിയപ്പോൾ എനിക്കുണ്ടായതെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഹുദൂറിന്റെ സന്ദേശം, സമാധാന സന്ദേശം വളരെ മഹത്തരമാണ്. ഞാൻ കത്തോലിക്കക്കാരിയാണെങ്കിലും ഹുദൂറിന്റെ ഓരോ വാക്കിനോടും യോജിക്കുന്നു. ഇസ്‌ലാം സമാധാനത്തിന്റെ സന്ദേശമാണെന്ന് ദൃഢതയോടെ എനിക്ക് പറയാൻ കഴിയും. മനുഷ്യ സേവനത്തിനുള്ള അധ്യാപനങ്ങളാണ് ഇസ്‌ലാം നൽകുന്നത്. എന്റെ വിദ്യാർഥിനി മാരിയ ഇർഫാനാണ് എന്നെ ക്ഷണിച്ചത്. ഇത്ര നല്ലപ്രോഗ്രാമിലേക്ക് എന്നെ ക്ഷണിച്ചതിൽ എനിക്ക് വളരെ നന്ദിയുണ്ട്. സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി നാമെല്ലാവരും ഒന്നു ചേർന്ന് പണിയെടുക്കേണ്ടതുണ്ട്. അയൽവാസികളെ സംബന്ധിച്ചുള്ള ഹുദൂറിന്റെ സന്ദേശം തികച്ചും അനിവാര്യമാണ്. ചിലപ്പോൾ ഇത്തരം കാര്യങ്ങൾ അറിവുള്ളതായിരിക്കാം. എന്നാൽ, ആരെങ്കിലും അതിനെ ഓർമപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇത്രയും വലിയ വ്യക്തിത്വം ഇത് ഓർമപ്പെടുത്തുമ്പോൾ ഒരു പുതിയ ആത്മാവ് ജന്മംകൊള്ളുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് വളരെ നന്ദി ഞാൻ അർപ്പിക്കുകയാണ്.'

ഒരു ആർക്കിടെക്ട് റിച്ചാർഡ് (Richard) തന്റെ അനുഭവം ഇങ്ങനെ വിവരിക്കുന്നു:'എന്നെ ക്ഷണിച്ചതിന് വളരെ നന്ദി. ഹുദൂറിന്റെ പ്രഭാഷണത്തിൽ ഞാൻ വളരെ ആകൃഷ്ടനാണ്. അദ്ദേഹം നൽകിയ സമാധാന സന്ദേശം വളരെ മഹത്തരമാണ്. ഇക്കാലഘട്ടത്തിലെ അവസ്ഥകൾ കാരണത്താൽ ഈ സന്ദേശത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഈ സന്ദേശം വളരെ പ്രധാനമാണ്. കാരണം എന്റെ ബന്ധം ഫിലാഡൽഫിയയുമായി തന്നെയാണ്. ഒടുവിൽ ഈ സ്ഥലം ജനനിബിഢമായി എന്നു കാണുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ആരംഭം മുതലേ എനിക്ക് ഈ കെട്ടിടവുമായി ബന്ധമുണ്ട്.ഈ കെട്ടിടം എന്റെ കൺമുമ്പിലാണ് നിർമിതമായത്. ഇപ്പോഴിത് പേപ്പറുകളിൽനിന്ന് പുറത്തു വരികയും യാഥാർഥ്യത്തിന്റെ രൂപം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. ഓരോ ആർക്കിടെക്ടിനും അവസാന പ്രഡക്ട് കാണുക എന്നത് വളരെ സന്തോഷദായകമാണ്. അത് വീടായാലും ഏതെങ്കിലും മ്യൂസിയമാണെങ്കിലും ആരാധനാ സ്ഥലമാണെങ്കിലും ശരി. എനിക്കിന്ന് ഈ കെട്ടിടം കാണുമ്പോൾ വളരെയധികം സന്തോഷം തോന്നുന്നു. എനിക്കുള്ള വളരെ സുന്ദരമായ ഒരു സമ്മാനമാണിത്. ഇപ്പോഴിത് ഡിസൈനിന്റെ രൂപത്തിൽ നിന്ന് പുറത്തുവരികയും കർമരൂപം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. ഇനി ഇത് സമൂഹത്തിൽ ഒരു ഗുണപ്രദമായ പങ്ക് നിർവ്വഹിച്ചു കൊണ്ടിരിക്കും. ഈ മഹത്തായ കെട്ടിടത്തിന്റെ നിർമാണത്തിൽ ഒരു പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.'

ഒരു യൂണിവേഴ്സിറ്റി പ്രസിഡന്റിന്റെ പ്രതിനിധിയായി വന്ന പ്രൊഫസർ തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കു വെച്ചു:'എനിക്ക് ഈ അവസരം വളരെ മഹനീയമായിരുന്നു. ഹുദൂർ ഹാളിലേക്കെത്തിയതും ഒരു കൗതുകമുണർത്തുന്ന സമാധാനം സദസ്സിൽ വ്യാപിച്ചതായി എനിക്ക് കാണാൻ കഴിഞ്ഞു.ഞാൻ തികച്ചും ഹുദൂറിനടുത്ത് ഇരിക്കുകയായിരുന്നു. ഇവിടുത്തെ അമീറായിരുന്ന ഹുദൂറിന്റെ സഹോദരനും എന്റെ അടുത്തുണ്ടായിരുന്നു. ഈ സാമപ്യം ഞാൻ സ്വർഗത്തിലാണെന്ന് പ്രതീതി സൃഷ്ടിച്ചിരുന്നു. ഈ സമീപ്യത്തിൽ വളരെ വലിയ ഗാംഭീര്യവും ദൃഢതയും ഉണ്ടായിരുന്നു.ഹുദൂറിന്റെ സംഭാഷണ രീതി എത്രമാത്രം ഹൃദയാദ്രമായിരുന്നുവെന്നാൽ ഓരോ വാക്കും ആത്മാവിൽ തട്ടുന്നതായി തോന്നിയിരുന്നു. വളരെ സംക്ഷിപ്തമായി ഹുദൂറുമായി സംസാരിക്കാനും എനിക്ക് അവസരം ലഭിച്ചു. ഞാൻ കബാബീറിലും പോയിരുന്നുവെന്നും അവിടെ ഹയ്ഫയിലെ മസ്ജിദ് കണ്ടിരുന്നുവെന്നും അഹ്മദിയ്യാ ജമാഅത്തിനെ കാണാൻ സാധിച്ചിരുന്നുവെന്നും ഹുദൂറിനോട് പറഞ്ഞു. ഇത് എനിക്ക് വളരെ നല്ല അനുഭവമായിരുന്നു. ജർമൻ സാഹിത്യത്തിന്റെ പ്രൊഫസാറാണ് ഞാൻ. ഹുദൂർ പങ്കെടുക്കുന്ന അടുത്ത ജർമൻ ജൽസ സാലാനയിലും പങ്കെടുക്കാനെനിക്ക് ആഗ്രഹമുണ്ടെന്ന് ഞാൻ ഹുദൂറിനോട് പറഞ്ഞു. ഞാൻ തീർച്ചയായും പങ്കെടുക്കണമെന്ന് ഹുദൂർ പ്രതിവചിച്ചതിലും എനിക്ക് വളരെ സന്തോഷം തോന്നി. ഈ സംക്ഷിപ്ത സംഭാഷണം വൈകാരികമായി എന്നെ വളരെയധികം സ്വാധീനിച്ചു. ഇവിടെ വന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അയൽവാസിക്ക് ഹു

ദൂർ നൽകിയ വ്യാഖ്യാനം എനിക്ക് വളരെ നല്ലതായി തോന്നി. എന്റെ യൂണിവേഴ്സിറ്റി ഇവിടെ നിന്ന് ഒരു മൈൽ ദൂരത്താണ്. യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റ് അയച്ചു തന്ന സന്ദേശത്തിൽ ഇപ്പോൾ ഞങ്ങളും അയൽവാസികളാണെന്ന് സൂചിപ്പിച്ചത് എന്നെ വിസ്മയിപ്പിച്ചു. നമുക്കെല്ലാം ഒന്നു ചേർന്ന് ഫിലാഡൽഫിയായിലെ ജനങ്ങൾക്കുവേണ്ടിയും വിദ്യാർഥികൾക്ക് വേണ്ടിയും ഐക്യത്തിന് പ്രവർത്തിക്കാം. ഈ വിഷയം ഹുദൂർ വിശദീകരിച്ചപ്പോൾ എനിക്ക് യാഥാർഥ്യം പിടികിട്ടി. പരസ്പരം ബന്ധം നില നിറുത്തുന്നതിന്റെ ഉദ്ദേശ്യം മനസ്സിലായി. ഈ പട്ടണവാസികൾക്ക് നന്മയുടെ ഭാവുകങ്ങൾ ഹുദൂർ നേർന്നത് ഇപ്പോഴുള്ളവർക്ക് മാത്രമല്ല, വരാനിരിക്കുന്ന വർക്കുവേണ്ടിയുമാണ്. ഇക്കാലഘട്ടത്തിലേക്ക് നോക്കിക്കൊണ്ട് മാത്രമല്ല, ഭാവിയിലേക്ക് നോക്കിക്കൊണ്ടാണ് ഹുദൂർ സംസാരിക്കുന്നതെന്നതാണ് ഹുദൂറിൽ എനിക്ക് കാണാൻ കഴിഞ്ഞത്. വരാനിരിക്കുന്ന കാലം വരേക്കും അദ്ദേഹം ഫിലാഡൽഫിയക്ക് അനുഗ്രഹങ്ങൾ വിട്ടേച്ചാണ് പോകുന്നത്. ഇവിടെ ഹുദൂർ ഒരു വിത്തിട്ടിരിക്കുന്നു എന്ന് ഞാൻ പറയും. അതിനെ സംരക്ഷിക്കേണ്ട ബാധ്യത നമ്മുടേതാണ്. അതിനെ വ്യാപിപ്പിക്കേണ്ടതും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും വടവൃക്ഷമായി അതിനെ മാറ്റേണ്ടതും നമ്മുടെ ജോലിയാണ്.'

ഒരു വനിത തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിക്കുന്നു: 'ഞങ്ങൾ നിങ്ങളുടെ കണ്ണീർ ഒപ്പുമെന്ന ഹുദൂറിന്റെ വാക്കുകൾ പോലെ പറയാൻ കഴിയുന്ന എത്ര പേരുണ്ട്. ഇത് വിസ്മയിപ്പിക്കുന്ന ഒന്നാണ്. എനിക്ക് എന്റെ വികാരത്തിന്മേൽ നിയന്ത്രണം വെക്കാൻ സാധിക്കില്ല. തന്റെ സന്ദേശം നൽകുന്നതിന് ഉയർന്നതും ആവേശ ജനകവുമായ പ്രസംഗത്തിന്റെ ആവശ്യമൊന്നുമില്ല. ഈ സന്ദേശം അദ്ദേഹം വളരെയധികം സ്നേഹസന്തോഷത്തിന്റെ രീതിയിലാണ് നൽകിയത്. അദ്ദേഹത്തിന്റെ സാന്നിധ്യം തന്നെ അത്ഭുതം ഉളവാക്കുന്ന സ്വാധീനം സൃഷ്ടിക്കുന്നതായിരുന്നു. ഏറ്റവും ചുരുങ്ങിയത് എനിക്ക് അദ്ദേഹത്തിന്റെ സാന്നിധ്യം മാത്രം മതിയായിരുന്നു. അദ്ദേഹത്തിന്റെ നിശബ്ദമായ സാന്നിദ്ധ്യം എല്ലാം വിവരിക്കുന്നുണ്ടായിരുന്നു. ഈ നിശബ്ദത ആവേശജനകമായ പ്രസംഗത്തേക്കാൾ കൂടുതൽ സ്വാധീനം ഉളവാക്കുന്നതായിരുന്നു. ഈ സാന്നിധ്യം വളരെയധികം സമാധാനപൂരിതമാണ്. ആവശ്യം വരുമ്പോൾ എല്ലാ ഓരോ സാധ്യമാകുന്ന സഹായങ്ങളും ചെയ്യാൻ തയ്യാറാകും. ഇത്തരത്തിലുള്ള ഒരു വഴികാട്ടിയെ ഞാൻ കണ്ടിട്ടില്ല. രാഷ്ട്രീയ രംഗത്തായാലും ശരി, മതരംഗത്തോ മറ്റേത് രംഗത്തോ ആയാലും ശരി. നമ്മുടെ മുമ്പിൽ ഇത്തരത്തിലുള്ള ഒരു നേതാവുമില്ല. ഹുദൂറിന്റെ സാന്നിധ്യത്തിൽ അത്ഭുതകരമായ സമാധാനമാണുള്ളത്. എന്നെ ഉറപ്പായും വിശ്വസിക്കുക, ഇത് വളരെ വിസ്മയിപ്പിക്കുന്ന അനുഭവമാണ്. എന്റെ അസ്വസ്ഥതയുടേയും ആവശ്യത്തിന്റേയും അവസരത്തിൽ എന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന് അദ്ദേഹം എനിക്ക് ഉറപ്പ് നൽകിയിരിക്കുന്നു. ഇവിടെ വരാൻ കഴിഞ്ഞത് എന്റെ ഭാഗ്യമാണ്.

ഒരു പ്രാദേശിക വനിത തന്റെ അനുഭവങ്ങൾ ഈ വാക്കുകളിൽ പങ്കു വെക്കുന്നു: 'ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ കഴിഞ്ഞത് എനിക്ക് ലഭിച്ച ആദരവാണ്. സ്ത്രീകളുടെ ഭാഗത്തേക്ക് ഏതാനും മിനിറ്റുകൾ മാത്രമേ പോയുള്ളൂ. എന്നെ വളരെ ആകർഷിച്ചു. ഹുദൂറിന്റെ സന്ദേശം വളരെ മഹനീയമായതാണ്. എന്നെ ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്. എല്ലാ ആവശ്യമായ കാര്യങ്ങളും ഹുദൂറിന്റെ പ്രഭാഷണം ഉൾക്കൊണ്ടിരുന്നു. നിങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നത് ഒരു ആഗോളസന്ദേശമാണ്. ഇതു തന്നെയാണ് കാലത്തിന്റെ ആവശ്യവും.'

ഒരു അതിഥി തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'ഹുദൂറിന്റെ വാക്കുകളിൽ വളരെയധികം സ്വാധീനമുണ്ട്. അദ്ദേഹവും അദ്ദേഹത്തിന്റെ സമുദായവും ഏതു സമയത്തും പ്രാദേശിക സമൂഹത്തെ സഹായിക്കാൻ തയ്യാറാണ്. ഇതൊരു ഗംഭീരസന്ദേശമാണ്. ഹുദൂറിനെ ദർശിക്കുക എന്നത് ഒരു നല്ല അനുഭവമാണ്.'

ഒരു വനിത തന്റെ അനുഭവം ഇങ്ങനെ വിവരിച്ചു: 'ഖലീഫ നൽകിയ സന്ദേശം നമ്മുടെ സമൂഹത്തിന് തികച്ചും അനിവാര്യമായതാണ്.ഏത് രാജ്യത്താണോ ജനങ്ങൾ ജീവിക്കുന്നത്, എവിടെയാണോ തങ്ങളുടെ ടാക്സ് നൽകുന്നത്, തങ്ങളുടെ മക്കൾ എവിടെയാണോ പരിപാലിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഖലീഫയുടെ സമാധാന സന്ദേശം നമുക്കും നമ്മുടെ സമൂഹത്തിനും പ്രതീക്ഷയുടെ കിരണമാണ്. ഈ സന്ദേശം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ലക്ഷ്യത്തെ നമ്മെല്ലാവരും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ സ്നേഹവും സമാധാനവും വ്യാപിപ്പിക്കൽ സുപ്രധാന നീക്കമാണ്. ഇവിടെ വന്നതിൽ വളരെ സന്തോഷം തോന്നുന്നു.നിങ്ങൾക്കെല്ലാവർക്കും വളരെ നന്ദിയുണ്ട്.'

ഒരു അതിഥി പറയുന്നു: 'ഖലീഫയുടെ സമാധാനത്തിനു വേണ്ടിയുള്ള സന്ദേശം വളരെ ഗൗരവമുള്ളതാണ്. പരസ്പരം സ്നേഹിക്കാൻ അദ്ദേഹം പറയുന്നു. ഇതു തന്നെയാണ് സമാധാനത്തിന്റെ സ്രോതസ്സ്. പരസ്പരം സ്നേഹിക്കുകയും കടമകൾ നിറവേറ്റുകയും ചെയ്യുകയാണെങ്കിൽ സമാധാനം സ്ഥാപിതമാകും. സുപ്രധാന സന്ദേശമാണിത്. വളരെ വ്യവസ്ഥാപിതമായിരുന്നു ഈ പരിപാടി. ക്ഷണിച്ചതിൽ വളരെ നന്ദിയുണ്ട്.'

ഒരു അതിഥി തന്റെ വികാരങ്ങൾ ഇങ്ങനെ വിവരിക്കുന്നു:'ഇസ്ലാമിൽനിന്ന് അയൽവാസികൾക്ക് ഒരു അപകടവുമില്ലെന്ന് ഖലീഫക്ക് ഇവിടെ വന്ന് പറയേണ്ടി വന്നതിൽ ദുഖം തോന്നുന്നു. അയൽവാസികളെപ്പറ്റി ആലോചിക്കണമെന്നും സ്നേഹം വ്യാപിപ്പിക്കണമെന്നും ഇവിടെ വന്ന് അദ്ദേഹം പറയുവോളം നമ്മുടെ സമൂഹം ച്യുതിയിലകപ്പെട്ടിരിക്കുന്നു.'

മറ്റൊരു അതിഥി പറയുന്നു: 'ഒരു ക്രിസ്ത്യൻ എന്ന നിലയിൽ സ്നേഹത്തിൽ അടിയുറച്ച് വിശ്വസിക്കുന്നു. മുപ്പത് നാല്പ്പത് വർഷമായി എനിക്ക് ഈ ജമാഅത്തിനെ കുറിച്ചറിയാം. ഖലീഫക്ക് ഇങ്ങനെയൊരു സന്ദേശം നൽകേണ്ടി വന്നത് തീർച്ചയായും നമ്മെ സംബന്ധിച്ചിടത്തോളം വ്യസനമുണ്ടാക്കുന്നതാണ്.ഇവിടെ വരുന്ന ഓരോ വ്യക്തിയും ദൈവസ്നേഹം കരഗതമാക്കും എന്നും സമാധാനം സ്ഥാപിക്കുമെന്നും ജനങ്ങളെ സേവിക്കുമെന്നും എന്നെനിക്കുറപ്പുണ്ട്. ഹുദൂറിന്റെ വരവോടെ ഇവിടെ അനുഗ്രഹ വർഷം സംഭവിച്ചിരിക്കുന്നു.'

ഒരു അതിഥി തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ വിവരിച്ചു: 'ഇവിടെ വരുന്നതിന്നു മുമ്പേ എനിക്ക് ഹുദൂറിനെ അറിയില്ലായിരുന്നു. ഇപ്പോൾ ഞാനദ്ദേഹത്തെ കണ്ടു കഴിഞ്ഞു. അദ്ദേഹം ഒരു ആഗോള നേതാവാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വം അങ്ങേയറ്റം ആകർഷണീയമാണ്. എനിക്ക് അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനും ചിന്തകൾ ദർശിക്കാനും സാധിച്ചു. ഇദ്ദേഹം ഒരു അതിമഹനീയ വ്യക്തിത്വമാണ്. ലോകത്തെ കൂടുതൽ സൗന്ദര്യവൽക്കരിക്കാൻ അതിമഹത്തായ സന്ദേശവുമായിട്ടാണ് വന്നിട്ടുള്ളത്. ഈ സന്ദേശത്തെ നാമെല്ലാവരും സ്വാംശീകരിക്കേണ്ടതുണ്ട്. ഇക്കാലഘട്ടത്തിൽ ഈ സന്ദേശത്തിന് വളരെയധികം മഹനീയതയും പ്രസക്തിയുമുണ്ട്. സഹനം, സഹവർത്തിത്വം, പരസ്പരം വളരെ നല്ല രീതിയിൽ മനസ്സിലാക്കാനുള്ള ശ്രമം ഇതെല്ലാം ഹുദൂറിന്റെ വളരെ വലിയ ഉറച്ച സന്ദേശമായിരുന്നു.'

ഫിലാഡൽഫിയ പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ കൺവേരി(Convery) തന്റെ പ്രതികരണങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി: 'നമ്മുടെ പട്ടണത്തിന്റേയും സമൂഹത്തിന്റേയും ശാന്തി സ്ഥാപനത്തിനു വേണ്ടി അഹ്മദിയ്യാ ജമാഅത്ത് പോലീസുമായി സഹകരിച്ചു പ്രവർത്തിക്കുന്നു എന്നത് വളരെയധികം സന്തോഷദായകമാണ്. ഖലീഫയുടെ പ്രഭാഷണം ഹാളിൽ കേട്ടുകൊണ്ടിരുന്ന ഓരോ വ്യക്തിക്കും മനസ്സിലായിക്കൊണ്ടിരുന്നത് അത് തങ്ങൾക്കു വേണ്ടിയുള്ളതാണെന്നായിരുന്നു.'

കമ്യൂണിറ്റി റിലേഷൻസ് ഓഫീസറായ മിസ്റ്റർ റിയാൻ ബാർക്സ്ഡൈൽ (Mr.Ryan Barksdale) പറയുന്നു: 'നിങ്ങളുടെ ജമാഅത്ത് എന്നെ ക്ഷണിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. നമ്മുടെ ഈ പട്ടണത്തിൽ നിങ്ങളുടെ മസ്ജിദിന്റെ ഉൽഘാടനവും ഇസ്ലാമിന്റെ ഖലീഫയുടെ അനുഗൃഹീത വരവും അദ്ദേഹത്തിന്റെ പ്രഭാഷണവും നിസ്സംശയം ഒരു ചരിത്ര സംഭവമാണ്. ഈ ചരിത്ര സംഭവത്തിന് സാക്ഷിയായിക്കൊണ്ട് ഇന്ന് ഞങ്ങളും കൺമുമ്പാകെ സംഭവിച്ചു കൊണ്ടിരിക്കുന്ന സമാധാന സ്ഥാപന ചരിത്രത്തിന്റെ ഭാഗമാകുകയാണ്.'

മിസിസ്. ഹജ്ജ കിനിആയ ശരീഫ് (Hajja Kiniaya Sharrieff) തന്റെ വികാരങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി: 'ഇതിന്നു മുമ്പേ ഞാൻ ഘാനയിലെ സാൾട്ട് പോണ്ടിന് അടുത്തുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദും സ്കൂളും കണ്ടിട്ടുണ്ട്. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ഖലീഫയേയും കാണാൻ കഴിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. ഹുദൂറിന്റെ പ്രഭാഷണം വൈവിധ്യമാർന്നതും വളരെയധികം കാന്തികവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രത്യേകമായി ഇസ്‌ലാമിനെ കുറിച്ച് ഒന്നും അറിയാത്ത അമുസ്‌ലിമീങ്ങളേയും അഭിമുഖീകരിച്ചിരുന്നു. നിങ്ങളുടെ മസ്ജിദും വളരെ മനോഹരമാണ്.എല്ലാ അതിഥികൾക്കും നിങ്ങളുടെ ജമാഅത്തിന്റെ ഭാഗത്തുനിന്ന് നൽകപ്പെട്ട ആദരവും മര്യാദയും എന്റെ മനസ്സിൽ ആഴത്തിൽ സ്വാധീനമുളവാക്കി.'

മിസിസ്. ക്വീൻ സമിയ മ്യൂൽ(Ms.Queen-Samiyah Mu'el) പറയുന്നു: നിങ്ങളുടെ മസ്ജിദ് വളരെ മനോഹരമാണ്.നമ്മുടെ പട്ടണ മധ്യത്തിൽ പട്ടണ അലങ്കാരത്തിന് കൂടുതൽ ഉയർച്ചക്ക് കാരണമായിരിക്കുന്നു. ബംഗാളിലെ ഒരു സൂഫി വിഭാഗവുമായിട്ടാണ് എന്റെ ബന്ധം. അതുകൊണ്ട് നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം കേട്ടപ്പോൾ ഓരോ വാക്കും ഹൃദയത്തിൽ ആഴത്തിൽ സ്പർശിക്കുന്നതായിരുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ആതിഥ്യ മര്യാദയും എന്റെ ഹൃദയത്തിൽ ആഴത്തിൽ സ്വാധീനമുളവാക്കുന്നതായി.'

മിസ്റ്റർ ഇബ്രാഹീം ബ്രൻഹം (Mr.Ibrahim Branham) തന്റെ വിചാരങ്ങൾ ഇങ്ങനെ പങ്കുവെച്ചു:

ഭരണകൂടത്തിലെ ഉയർന്ന ഉദ്യോഗസ്ഥരുമായുള്ള നിങ്ങളുടെ ബന്ധവും അവരുടെ ഇവിടുത്തെ സാന്നിധ്യവും നിങ്ങളുടെ ജമാഅത്തിന്റെ സേവനത്തെ വെളിപ്പെടുത്തുന്നു. വിവിധ തുറയിൽപ്പെട്ട വ്യക്തികളെ ഇവിടെ കണ്ടപ്പോൾ ഹൃദയത്തിന് വളരെ സന്തോഷമുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയെ എനിക്ക് ആദ്യമായി സ്വന്തം കണ്ണുകൾ കൊണ്ട് കാണാൻ സാധിച്ചു.നിങ്ങളുടെ ഖലീഫ വളരെ വലിയ ദയാലുവും ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ഉടമയുമാണ്. ശാന്തിയും നന്മയും ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിയേയും തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രസംഗം. നിങ്ങളുടെ ഖലീഫയുടെ നമ്മുടെ പട്ടണത്തിലുള്ള വരവ് നിസ്സംശയം നമ്മുടെ പട്ടണത്തിന്റെ ഇമേജ് ലോകത്താകമാനം ശ്രേഷ്ഠമാക്കി കാണിക്കുന്നതിൽ പ്രധാന പങ്കുവഹിക്കും.'

മിസിസ്. റോസിയാന്ന നെവുഡ് (Ms.Roseanna Newood) തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: 'ഖലീഫയുടെ പ്രഭാഷണം മനസ്സിലാക്കുന്നതിന് വളരെ എളുപ്പമായിരുന്നു. വാക്കുകൾ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് പുറപ്പെട്ട് ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പ്രവേശിക്കുന്നതായി വ്യക്തമാകുന്നുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ മനോഹരമായ മസ്ജിദ് നമ്മുടെ പട്ടണത്തിന് ഐശ്യര്യമായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ജമാഅത്ത് നമ്മുടെ പട്ടണത്തിന് ഒരു പുതിയ പ്രതീക്ഷ നൽകുന്നു. അതിൽ ഹൃദയാത്മനാ നമുക്ക് നിങ്ങളുടെ ജമാഅത്തിനോട് നന്ദിയുണ്ട്.'

മിസിസ്. ഡിയാനെ ബ്രിഡ്ജസ് (Ms.Diane Bridges) പറയുന്നു: 'അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫയുടെ സന്ദേശം ഒരു പോസിറ്റീവ് സന്ദേശമായിരുന്നു. തികച്ചും വ്യത്യസ്തവുമാണ്. കാരണം, ഇക്കാലഘട്ടത്തിൽ ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് സമാധാനത്തിനുവേണ്ടി ആഗ്രഹിക്കുന്നവരും സ്വന്തം പ്രവൃത്തിയിലൂടെ സമാധാന സംസ്ഥാപനത്തിന് ശ്രമിക്കുന്നവരും വളരെ കുറവാണ്.'

മിസ്റ്റർ ബർനാഡ് സ്മിത്ത്(Mr.Bernard Smith) പറയുന്നു: 'എനിക്ക് 85 വയസ്സുണ്ട്. എന്റെ ജീവിതത്തിൽ ആദ്യമായി ഖലീഫത്തുൽ മസീഹിനെ ദർശിച്ചതും അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടതും എന്നെ വളരെ ആകർഷിച്ചു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം നമ്മുടെ പട്ടണവാസികൾക്ക് പുതു പ്രതീക്ഷയുടെ ഉദയമായി മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ മസ്ജിദും വളരെ മനോഹരമാണ്. യഥാർഥത്തിൽ ഞാൻ നിങ്ങളുടെ മസ്ജിദിന്റെ സമീപത്ത് തന്നെയാണുള്ളത്. ഈ മസ്ജിദിന്റെ നിർമാണം എന്റെ കൺമുന്നിലാണ് പൂർണതയിലെത്തിയത്. ഇതിന്റെ പൂർത്തീകരണം കണ്ട് വളരെ സന്തോഷം ഞാൻ അനുഭവിക്കുന്നു.'

സിസ്റ്റർ സിൽവിയ സ്റ്റ്രാഹ്ലെർ (Sister sylvi-aStrahler)പറയുന്നു: പാക്കിസ്താനിൽ കത്തോലിക്ക സമൂഹത്തിന്റെ മെഡിക്കൽ മിഷനോടൊപ്പം 52 വർഷം കഴിച്ചുകൂട്ടാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.നിങ്ങളുടെ നേതാവിന്റെ പ്രഭാഷണത്തിൽ നിന്ന് വ്യക്തമാകുന്ന കാര്യം നിങ്ങൾ സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിന് വേണ്ടിയും ദാരിദ്ര്യനിർമാർജനത്തിനും എപ്പോഴും തയ്യാറാണെന്നാണ്. സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കാൻ ദൈവം നിങ്ങളെ തുണക്കട്ടെ.'

മിസിസ്. ടെറി ഗ്യുയേറ(Ms.Terry Guerra) തന്റെ വികാരങ്ങൾ പ്രകടിപ്പിക്കുന്നു: 'എനിക്ക് ഇന്ന് ആദ്യമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചു. നിങ്ങൾ ഇസ്‌ലാം മതത്തിന്റെ ഏറ്റവും നല്ല അംബാസഡർമാരാണെന്ന് നിങ്ങളുടെ ഖലീഫയുടെ പ്രസംഗം കേട്ടതിന്ന് ശേഷം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മതപരമായി ഞാൻ കത്തോലിക്ക വിശ്വാസക്കാരിയാണ്. എനിക്ക് ഖലീഫയുടെ പ്രഭാഷണം കേട്ടിട്ട് തോന്നിയത് കത്തോലിക്ക സമൂഹത്തിന്റെ പോപ്പ് സംസാരിക്കുന്നതു പോലെയാണ്. ഞങ്ങളുടെ മതം നിങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നത് ശരിയാണെങ്കിലും ഇരു മതത്തിന്റേയും ഉള്ളിൽ ഒരേ ആത്മാവാണ് പ്രവർത്തിക്കുന്നതെന്ന നിഗമനത്തിലാണ് ഇന്ന് ഞാനെത്തിയിരിക്കുന്നത്.'

സിസ്റ്റെർ മരിയ ഹൊർനുംഗ് (SisterMaria-Hornung) പറയുന്നു:'എനിക്ക് നിങ്ങളുടെ സമൂഹത്തെ കുറിച്ച് വളരെ മുമ്പേ അറിയാം. നിങ്ങളുടെ ഖലീഫ ഘാനയിൽ സേവന നിരതനായിരിക്കുമ്പോൾ ഞാൻ ഘാനയിലെ കത്തോലിക്ക മിഷനിൽ പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ട് ഇന്ന് താങ്കളുടെ മസ്ജിദിൽ വന്ന് നിങ്ങളുടെ ഖലീഫയുടെ പ്രസംഗം കേട്ടപ്പോൾ സ്വന്തം വീട്ടിലിരിക്കുന്ന തോന്നലാണുണ്ടായത്. എത്ര സുന്ദരമായ രീതിയിൽ നിങ്ങളുടെ ഖലീഫ തന്റെ ഉറച്ച ലക്ഷ്യങ്ങളെ നമ്മുടെ പട്ടണത്തിനു വേണ്ടി വെളിപ്പെടുത്തിയോ തീർച്ചയായും ഇക്കാര്യം നീണ്ട കാലംവരെ നമ്മുടെ ഹൃദയങ്ങളിൽ നില നിൽക്കുക തന്നെ ചെയ്യും.'(തുടരും)

(2018 ഡിസംബർ 13, 2019 ജനുവരി 10-3)

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**




(പേജ് 8ൽനിന്ന്)

മുഹമ്മദ് യാർ ആരിഫ് സാഹിബിനോടു വലിയ ബന്ധമായിരുന്നു. പിന്നീട് അദ്ദേഹത്തിന് 'ദാറുള്ളിയാഫത്തിൽ'(അതിഥി മന്ദിരത്തിൽ) താമസിക്കാൻ സൗകര്യം ചെയ്തുകൊടുത്തു. അവിടെ താമസിച്ചാണ് ഇദ്ദേഹം തന്റെ പഠനം പൂർത്തിയാക്കിയത്. വിദ്യാഭ്യാസകാലത്ത് ആചാരോപചാരങ്ങൾ ഒന്നുംകൂടാതെ ഒരുപാട് കാര്യങ്ങളും പറയാറുണ്ടായിരുന്നു. തമാശകളും പറയുമായിരുന്നു. പക്ഷേ, ഖലീഫത്തുൽ മസീഹ് റാബിഅ് എന്നെ നാളിർ അഅ്ലാ ആക്കിയപ്പോൾ മുതൽ അദ്ദേഹം എന്നോട് ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറാൻ തുടങ്ങി. പിന്നീട് ഖിലാഫത്തിനുശേഷം ഇദ്ദേഹം അല്ലാഹുവിന്റെ കൃപയാൽ ആത്മാർഥതിയിലും കൂറിലും വളരെ ഉയർന്നുപോയി.

അല്ലാഹു ഇദ്ദേഹത്തോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജമാഅത്തിനോടു പൂർണമായ കൂറോടുകൂടി ചേർന്നിരിക്കാൻ ഇദ്ദേഹത്തിന്റെ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ സുഹൃത്തുക്കളും സ്നേഹിതന്മാരും ബന്ധുക്കളും ഈ സംഭവങ്ങളാണ് എഴുതിയിട്ടുള്ളത്; വളരെ വിനയനായിരുന്നു, എളിമയുള്ള ആളായിരുന്നു. ദൈവകൃപയാൽ ജ്ഞാനിയായിരുന്നു.

ഇപ്പോൾ നമസ്കാരത്തിനുശേഷം ഞാൻ ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഞാൻ വെളിയിൽപോയി നമസ്കരിപ്പിക്കും. നിങ്ങൾ ഇവിടെത്തന്നെ സ്വഫ്ഫായി നില്ക്കേണ്ടതാണ്.

★★★

## ഹദീഥുന്നബ്‌വി (സ):

*സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.*
*(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)*

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 03 October 2019 Issue-40

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ടാൻസാനിയാ(Tanzania)യിലെ Pongwe ജമാഅത്തിൽ 'മസ്ജിദ് ഹബീബിന്റെ ഉൽഘാടനവും റീജ്യണൽ ജൽസസാലാനയയും

**ടാൻസാനിയാ**: ടാൻസാനിയെ അഹ്മ ദിയ്യാ മുസ്‌ലിം ജമാഅത്തിന് ഈ വർഷം ടാങ്കാ റീജ്യണിലെ ഒരു ജമാഅത്തായ പോങ്ങ്വെ യിൽ മസ്ജിദ് നിർമിക്കാൻ തൗഫീഖ് കിട്ടി. അൽഹംദുലില്ലാഹ് ഈ ഗ്രാമം ടാങ്കാ നഗരത്തിന് ചേർന്നു കിടക്കുന്നു. ഇവിടെ 2013 ലാണ് ജമാഅത്ത് സ്ഥാപിതമായത്. തുടക്കത്തിൽ ജമാഅത്ത് സ്വദ്റിന്റെ വീട്ടിൽ നമസ്കര സെന്റർ സ്ഥാപിച്ചു. അതിനു കുറച്ചു വർഷം കഴിഞ്ഞ് മസ്ജിദിനുവേണ്ടി പ്ലോട്ടു വാങ്ങി. 2017 മാർച്ചിൽ ടാൻസനിയ അമീറും മിഷണറി ഇൻചാർജുമായ ത്വാഹിർ മഹ്മൂദ് ചൗദ്ദരി സാഹിബ് ദുആകളോടും സ്വദഖകളോടും കൂടി ഇവിടെ മസ്ജിദിന് തറക്കല്ലിട്ടു. ഈ ജമാഅത്ത്, പ്രദേശത്ത് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സൽപേരിന് നിമിത്തമായിക്കൊ ണ്ടിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഉത്സാഹത്തോടും ആവേശത്തോടുംകൂടി മസ്ജിദിന്റെ നിർമാണ പ്രവൃത്തികളിൽ പങ്കെടുത്തു. ഇപ്പോഴാണ് അതിന്റെ നിർമാണം പൂർത്തിയായത്. ഈ മസ്ജിദിൽ 160 പേർക്ക് നമസ്കരിക്കാവുന്നതാണ്.

അമീറുൽ മുഅ്മിനീന്റെ സമ്മതത്താൽ മസ്ജിദിന് 'മസ്ജിദ് ഹബീബ്'എന്ന നാമകരണം ചെയ്തിരിക്കുന്നു. 2019 സെപ്റ്റംബർ 1ന് ഞായറാഴ്ച ഈ ഗ്രാമത്തിലെ മനോഹരമായ മസ്ജിദിന്റെ ഉൽഘാടന പരിപാടിയായിരുന്നു. അമീറും മിഷണറി ഇൻചാർജുമായ ത്വാഹിർ മഹ്മൂദ് ചൗദ്ദരി സാഹിബിന്റെ നേതൃത്വത്തിൽ ഏകദേശം 11 മണിക്ക് ജമാഅത്ത് സംഘാംഗങ്ങൾ പോങ്ങ്വെ ഗ്രാമത്തിലെത്തി. ഗ്രാമവാസികൾ അവർക്ക് ഊഷ്മളമായ വരവേല്പാണ് നല്കിയത്. ഈ സംഘത്തിൽ ടാങ്ക ജില്ല പോലീസിന്റെ ഉന്നതോദ്യോഗസ്ഥൻ തന്റെ സർക്കാർ സംഘത്തോടൊപ്പമുണ്ടായിരുന്നു. മസ്ജിദിന്റെ അങ്കണം തോരണങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. അമീർസാഹിബ് ലൈനിൽനിന്ന എല്ലാവരേയും ഹസ്തദാനം ചെയ്തു. മസ്ജിദ് ഉൽഘാടനം ചെയ്ത് ദുആയ്ക്ക് നേതൃത്വം നല്കി. അനഹ്മദി സഹോദരങ്ങളും ധാരാളമായി ഈ അനുഗൃഹീത പരിപാടിയിൽ പങ്കെടുത്തിരുന്നു. മസ്ജിദിനു വെളിയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇരിക്കാൻ പ്രത്യേകം പന്തലിട്ടിരുന്നു. ഈ അനുഗൃഹീത അവസരത്തിൽ റീജ്യണിലെ മറ്റു ജമാഅത്തംഗങ്ങളേയും ക്ഷണിച്ചിരുന്നു. തബ്‌ലീഗ് പരവും തർബിയ്യത്തുപരവുമായ വീക്ഷണത്തിൽ റീജ്യണൽ ജൽസയും സംഘടിപ്പിച്ചിരുന്നു. ജമാഅത്തിന്റെ മുഅല്ലിം മുഹ്‌യുദ്ദീൻ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. പാരായണം ചെയ്ത വചനങ്ങളുടെ തർജമയും അദ്ദേഹം കേൾപിച്ചു. പങ്കെടുത്ത എല്ലാ അതിഥികളേയും ടാങ്ക റീജ്യണൽ സ്വദ്ർ സാഹിബ് സ്വാഗതം ചെയ്തു. മൂന്നു പ്രസംഗം നടന്നു. മുബല്ലിഗ് ആസ്വിഫ് മഹ്മൂദ് ഭട്ട് സാഹിബ് നബി(സ)തിരുമേനിയുടെ ആരാധനകൾ എന്ന വിഷയത്തേയും നാഷണൽ സെക്രട്ടറി തഹ്‌രീക്കെ ജദീദ് റജബ് അബ്ബാസ് മക്കീനി സാഹിബ് ഖിലാഫത്ത് വ്യവസ്ഥിതി എന്ന വിഷയത്തേയും മുബല്ലിഗ് ശിഹാബ് അഹ്മദ് സാഹിബ് ദൈവമാർഗത്തിലുള്ള ധനത്യാഗം എന്ന വിഷയത്തേയും അധികരിച്ച് പ്രസംഗിച്ചു.

അതിനുശേഷം സർക്കാർ ഉദ്യോഗസ്ഥന്മാരും മതനേതാക്കന്മാരും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. പ്രദേശത്തെ കൗൺസിലർ പറഞ്ഞു: ' ഈ മസ്ജിദ് നമുക്ക് അങ്ങേയറ്റം അനുഗ്രഹത്തിന് നിമിത്തമായിരിക്കുകയാണ്. കാരണം നമ്മുടെ മക്കൾ ഇതിന്റെ നിർമാണം പൂർത്തിയാകുന്നതിനു മുമ്പേ മുതൽതന്നെ ഇവിടെ പഠിക്കാൻ വരുന്നു. ഇത് ഉൽഘാടനം ചെയ്യപ്പെടുന്നതോടുകൂടി കുട്ടികൾക്ക് പഠനത്തിന്റേയും ശിക്ഷണത്തിന്റേയും കൂടുതൽ വാതിലുകൾ തുറക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

മക്തബ ഫിക്ർ വകുപ്പിന്റെ ഇമാം ഉസ്താദ് മാനിയോ സ്വാബിരി സാഹിബ് മസ്ജിദ് നിർമിച്ചതിന് അഹ്മദിയ്യാ ജമാഅത്തിന് ആശംസകൾ നേർന്നു. ടാങ്ക ജില്ല പോലീസ് ഓഫീസർ Enock Beatus Ngo nyani സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'മുസ്‌ലിമീങ്ങളുടെ മസ്ജിദിൽ ഒരു പരിപാടിയിൽ ആദ്യമായാണ് ഞാൻ പങ്കെടുക്കുന്നത്. അഹ്മദിയ്യ ജമാഅത്തിനെ ദീർഘകാലം മുതലെ എനിക്കറിയാം. മൊത്തത്തിൽ അഹ്മദികളുടെ പ്രവർത്തന രീതികളിൽ ഞാൻ സന്തോഷവാനാണ്. എല്ലാ മതങ്ങളും സൽസ്വഭാവത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനമാണ് നല്കുന്നത്. നമ്മൾ ഇക്കാലത്തെ യുവാക്കളെ മതാധ്യാപനത്തിലേക്ക് കൊണ്ടുവരികയാണെങ്കിൽ സമൂഹത്തിലെ കുറ്റകൃത്യങ്ങൾ സ്വയമേവ കുറയുന്നതായിരിക്കും.' അമീറും മിഷണറി ഇൻചാർജുമായ ത്വാഹിർ മഹ്മൂദ് ചൗദ്ദരി സാഹിബ് മസ്ജിദ് നിർമാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് പ്രസംഗിച്ചു. ഹ്രസ്വമായി ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, അഹ്മദിയ്യാ ജമാഅത്ത് പ്രദേശവാസികൾക്കുവേണ്ടി 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് ' എന്ന സന്ദേശവുമായാണ് വന്നിട്ടുള്ളത്. ഈ മസ്ജിദിന്റെ വാതിലുകൾ എല്ലാവർക്കും വേണ്ടി തുറന്നു കിടക്കുന്നതായിരിക്കും. ഇപ്രകാരം തന്നെ അദ്ദേഹം എല്ലാവരേയും സെപ്റ്റംബർ അവസാനം സംഘടിപ്പിക്കാൻ പോകുന്ന ജൽസസാലാനയിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്തു. ഇതിനുശേഷം മുഖ്യാതിഥികൾക്ക് ഉപഹാരങ്ങൾ സമ്മാനിച്ചു. അനഹ്മദി അതിഥികളിൽപ്പെട്ട ഒരു സുഹൃത്ത് അലി സാലിം Mgaya സാഹിബ് പറഞ്ഞു: 'എന്റെ മക്കൾ ഇവിടെ വിശുദ്ധ ഖുർആൻ പഠിക്കാൻ വരുന്നുണ്ട്. ഇന്ന് ഈ ജമാഅത്തിൽ പ്രവേശിക്കാമെന്ന് ഞാനും ചിന്തിക്കുകയാണ്.' ഈ പരിപാടിയിൽ ടാങ്ക റീജ്യണിലെ 7 ജമാഅത്തിൽനിന്ന് 400 ലേറെ ആളുകൾ പങ്കെടുത്തു. ഇവരിൽ ഏകദേശം 200 പേർ അനഹ്മദികളായിരുന്നു. ദുആയോടുകൂടി ഈ പരിപാടി സമാപിച്ചു. മസ്ജിദിനു വെളിയിൽ എല്ലാ ജമാഅത്തംഗങ്ങളുടേയും ഗ്രൂപ്പ് ഫോട്ടോയുമെടുത്തു. എല്ലാവർക്കും ഭക്ഷണവും ഉണ്ടായിരുന്നു.

മാധ്യമപ്രവർത്തകരും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. MTA ആഫ്രിക്കയുടെ പ്രവർത്തകർ എല്ലാ പരിപാടിയും റെക്കോർഡ് ചെയ്തു. Mwambao റേഡിയോ വാർത്ത പ്രക്ഷേപണം ചെയ്തു. Majira പത്രത്തിലും വാർത്ത പ്രസിദ്ധീകരിച്ചു. ഈ അവസരത്തിൽ ജമാഅത്തിന്റെ ബുക്സ്റ്റാളും ഇട്ടിരുന്നു. മസ്ജിദ് നിർമാണത്തിനുവേണ്ടി ത്യാഗങ്ങൾ ചെയ്ത ജമാഅത്തംഗങ്ങളുടെ ധനത്തിലും ആയുസ്സിലും അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. സൽപ്രകൃതക്കാർ ഇവിടെ വന്ന് തങ്ങളുടെ ആത്മീയ ദാഹം ശമിപ്പിക്കുന്നവരാകട്ടെ. (മുഹമ്മദ് അഫ്ളൽ ഭട്ടി, റീജ്യണൽ മിഷണറി, ടാങ്ക, ടാൻസനിയ)

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**

**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

# അഹ്മദിയ്യ ചരിത്ര വിഭാഗത്തിന്റെ വെബ്സൈറ്റ് ഉൽഘാടനം

**2019 സെപ്റ്റംബർ 20**: സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ജുമുഅ നമസ്കാരത്തിനു ശേഷം അഹ്മദിയ്യ ചരിത്ര വിഭാഗത്തിന്റെ വെബ്സൈറ്റ് ഉൽഘാടനം ചെയ്തു.

ഹുദൂർ ജുമുഅ നമസ്കാരത്തിനും ജനാസ ഗാഇബിനും സുന്നത്ത് നമസ്കാരത്തിനും ശേഷം 2.17 ന് മസ്ജിദ് ഹാളിന്റെ താഴെ ആഗതരായി. അവിടെ വെബ്സൈറ്റിന്റെ ഉൽഘാടനത്തിന് സ്ക്രീൻ നാട്ടപ്പെട്ടിരുന്നു. തന്റെ പരിശുദ്ധമായ കരംകൊണ്ട് സ്ക്രീനിൽ സ്പർ ശിച്ച് വെബ്സൈറ്റ് ഉൽഘാടനം ചെയ്യുകയായിരുന്നു. അദ്ദേഹം ഏകദേശം രണ്ടു മിനിറ്റുനേരം ഈ വെബ്സൈറ്റിന്റെ വിവിധ പേജുകൾ നോക്കിക്കണ്ടു. തൊട്ടടുത്തുനിന്നിരുന്ന അഹ്മദിയ്യാ ചരിത്രവിഭാഗത്തിന്റെ ഇൻചാർജ് ഇസ്ഫന്ദർയാർ മുനീബ് സാഹിബിനോടു വിവിധ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. 2.19ന് ഹുദൂർ ദുആ ചെയ്യിച്ചു. ദുആയ്ക്കു ശേഷം ഒരിക്കൽ വീണ്ടും വെബ്സൈറ്റിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് ഇൻചാർജ് സാഹിബിന് ചില നിർദേശങ്ങൾ നല്കി. ഇതിനുശേഷം കാറിൽ താമസസ്ഥലത്തേക്ക് മടങ്ങി.

ഈ വെബ്സൈറ്റ് പരിചയപ്പെടുത്തിക്കൊണ്ട് ഹുദൂർ ഇന്നു നിർവഹിച്ച് ജുമുഅ ഖുത്വ്ബയിൽ പറഞ്ഞു: 'ഇപ്പോൾ ഞാൻ ഒരു വിളംബരം ചെയ്യാനാഗ്രഹിക്കുകയാണ്. അഹ്മദിയ്യാ ചരിത്രവിഭാഗം തങ്ങളുടെ ഒരു വെബ്സൈറ്റ് തുടങ്ങിയിരിക്കുന്നു. അത് ഉർദു ഇംഗ്ലീഷ് രണ്ടു ഭാഷയും അടങ്ങിയ താണ്. ഇതിൽ അഹ്മദിയ്യാ ചരിത്രവും ജീവിതചരിത്രങ്ങളേയും സംഭവങ്ങളേയും സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുമാണ് കൊടുക്കുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ), അഹ്മദിയ്യത്തിന്റെ ഖലീഫമാർ, ഹദ്റത്ത് അഹ്മദ്(അ)ന്റെ സ്വഹാബിമാർ(അസ്വ്ഹാബെ അഹ്മദ്), അഹ്മദിയ്യത്തിന്റെ ശുഹദാക്കൾ, ദർവേശാനെ ഖാദിയാൻ, ജമാഅത്തിന്റെ മുബല്ലിഗുമാർ, മറ്റു പുണ്യാത്മാക്കളുടെ ചരിത്രവും സംഭവങ്ങളും പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ലേഖനങ്ങളും സ്മാരക ഫോട്ടോകളും ഉണ്ടാകും. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ള എല്ലാ വാള്യങ്ങളും ഇതിൽ ലഭ്യമാണ്. ഉപസംഘടനകളുടേയും രാജ്യങ്ങളുടേയും നഗരങ്ങളുടേയും ജമാഅത്ത് ചരിത്രങ്ങളും ലഭ്യമാണ്. ജമാഅത്തിലെ പുണ്യാത്മാക്കളുടെ ലിഖിതങ്ങളും ചില തബുർക്കാത്തിന്റെ ഫോട്ടോകളും പത്രങ്ങളുടേയും പ്രസിദ്ധകരണങ്ങളുടേയും പ്രധാനപ്പെട്ടതും അമൂല്യവുമായ കട്ടിംഗുകളുമുണ്ട്. ഗവേഷണപരവും ഐതിഹാസികവുമായ ലേഖനങ്ങൾ നല്കിയിരിക്കുന്നു. ജമാഅത്തിന്റെ പ്രധാനപ്പെട്ട പരിപാടികളും ജമാഅത്തിന്റെ കെട്ടിടങ്ങളും ഉദാഹരണത്തിന് മസ്ജിദുകൾ, മിഷൻഹൗസുകൾ, കേന്ദ്ര സ്ഥാപനങ്ങൾ, വിദ്യഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഡിസ്പൻസറികൾ, ഗസ്റ്റുഹൗസുകൾ തുടങ്ങിയവയുടെ ഫോട്ടോകളുണ്ട്. അവ കഴിയുന്നിടത്തോളം പരിചയപ്പെടുത്തിയിട്ടുമുണ്ട്.

യൂറ്റ്യൂബിലെ ഒരു വീഡിയോ ചാനലിലൂടെ എം.ടി.എയുടെ ചില അമൂല്യമായ ഡോക്യുമെന്ററികൾ തുടങ്ങിയവയും നല്കിയിട്ടുണ്ട്. ഈ വെബ്സൈറ്റിൽ അഹ്മദിയ്യാ ജമാഅത്തിന്റെ തുടക്കംമുതൽ ഇതുവരെയുള്ള സുപ്രധാന ചരിത്രസംഭവങ്ങൾ അടങ്ങിയ ടൈംലൈനും കൊടുത്തുകൊണ്ടിരിക്കുന്നു. ജമാഅത്തംഗങ്ങൾക്ക് ഈ വെബ്സൈറ്റിൽനിന്ന് www.ahmadiyya-history.orgൽ ചെന്ന് ഫലമെടുക്കാവുന്നതാണ്.

അഹ്മദിയ്യാ ചരിത്രവിഭാഗം ഇൻചാർജ് സാഹിബ് അൽഫള്ൽ ഇന്റർനാഷണൽ പത്രപ്രതിനിധിയോടു പറഞ്ഞു, ഈ വെബ്സൈറ്റ് തുടങ്ങാനുള്ള അടിസ്ഥാനപരമായ അനുവാദം ഹുദൂറിൽനിന്ന് 2018 ലെ ലണ്ടൻ ജൽസയുടെ ദിനങ്ങളിൽ വാങ്ങിയിരുന്നു. അതിനുശേഷം അതിന്റെ വിശദമായ സ്കീമുണ്ടാക്കി ഹുദൂറിന്റെ തിരുസന്നിധിയിൽ അവതരിപ്പിച്ചു. ഹുദൂർ അതിനു സമ്മതം നല്കിക്കൊണ്ടു പറഞ്ഞു: 'അല്ലാഹു അനുഗൃഹീതമാക്കുമാറാകട്ടെ.' അദ്ദേഹം പറഞ്ഞു: സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ കമ്പ്യൂട്ടർ സെക്ഷന്റെ സഹായത്തോടെയാണ് ഈ വെബ്സൈറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഫ ജസാഹുമുല്ലാഹു അഹ്സനുൽ ജസാഇ അല്ലാഹു ഈ വെബ്സൈറ്റിന്റെ തുടക്കം എല്ലാ വിധത്തിലും അനുഗൃഹീതമാക്കട്ടെ. പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കട്ടെ. ആമീൻ

**(അൽഫള്ൽ ഇന്റർനാഷണൽ ലണ്ടൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin